**പന്ത്രണ്ടാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

## ഇരുപതാമത് റിപ്പോർട്ട്

(2008 ജൂൺ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-1999 മുതൽ 2004-2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2008

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

ഇരുപതാമത് റിപ്പോർട്ട്

(2008 ജൂൺ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചത്)

മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998-1999 മുതൽ 2004-2005
വരെയുള്ള സമാഹൃത റിപ്പോർട്ടുകളുടെ പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

706/2008.

# ഉള്ളടക്കം


| | | പേജ് നം. |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 25 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006–2008)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എൻ. അനിരുദ്ധൻ

അംഗങ്ങൾ :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. ടി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീ. എ. സുധാകരൻ നായർ, ജോയിന്റ് സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. ആർ. എസ്. ദേവദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 1998–1999 മുതൽ 2004–2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള മഹാത്മാഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2008 ജൂൺ 18–ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

**എൻ. അനിരുദ്ധൻ,**

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2008 ജൂൺ, 26.

# റിപ്പോർട്ട്

## മഹാത്മാഗാന്ധി സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലെ നിയമവ്യതിചലനം**

മഹാത്മാഗാന്ധി സർവകലാശാലയുടെ 1996-97-ലെ വാർഷിക കണക്കുകൾ ഹാജരാക്കിയിട്ടില്ല. ആഡിറ്റിന് ആവശ്യമായ ഫയലുകൾ, രജിസ്റ്ററുകൾ, മറ്റ് രേഖകൾ എന്നിവ ഹാജരാക്കുന്നതിൽ സർവകലാശാല താല്പര്യം കാണിക്കുന്നില്ലെന്ന് പറയേണ്ടിയിരിക്കുന്നു. സർവകലാശാല ഉത്തരവുകൾ ആഡിറ്റിന് വിധേയമാക്കിയപ്പോൾ ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ സർവകലാശാല നടത്തിയ നിയമ വ്യതിചലനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 സെക്ഷൻ 23 (IX)-ൽ 2-ാം പ്രൊവിസോ പ്രകാരം സെക്ഷൻ ഓഫീസർക്ക് (2000-3200) മുകളിലുള്ള തസ്തികകൾ സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സൃഷ്ടിക്കുവാൻ പാടുള്ളൂ. എന്നാൽ ഇതിനു വിരുദ്ധമായി മഹാത്മാഗാന്ധി സർവകലാശാലയിൽ സൃഷ്ടിച്ച 2375-5500 രൂപാ സ്കെയിലുള്ള 3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകൾക്ക് സർക്കാരിൽ നിന്നുള്ള അനുമതി വാങ്ങിയിട്ടില്ല. ഇത് നിലവിലുള്ള നിയമത്തിൽ നിന്നുള്ള ഗുരുതരമായ വ്യതിചലനമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1998-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ II 4(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 16-12-2006-ലെ രജിസ്ട്രാർ 567/83/2006 കത്തുപ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ലഭിച്ച മറുപടി:—

1. "സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ തീരുമാനപ്രകാരമാണ് മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകൾ സൃഷ്ടിച്ചത്. രേഖകൾ പരിശോധിച്ചതിൽ നിന്നും സർക്കാർ അനുമതി വാങ്ങിയിട്ടില്ലയെന്ന് കണ്ടെത്തിയിട്ടുണ്ട്."

2. 2000-3200 രൂപ ശമ്പള സ്കെയിലിനു മുകളിലുള്ള ഏതൊരു തസ്തികയും പുതിയതായി സൃഷ്ടിക്കണമെങ്കിൽ ഗവൺമെന്റിന്റെ മുൻകൂർ അനുവാദം വാങ്ങണമെന്ന് സർക്കാർ ചട്ടങ്ങളും യൂണിവേഴ്സിറ്റി ചട്ടങ്ങളും നിഷ്ക്കർഷിച്ചിരിക്കെ 2375-5500 രൂപ ശമ്പള സ്കെയിലിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 3 തസ്തികകൾ സർക്കാരിന്റെ അനുമതി വാങ്ങാതെ സൃഷ്ടിക്കുകയും ആയതിലേക്ക് നിയമനം നടത്തുകയും ചെയ്തത് നിലവിലുള്ള ചട്ടങ്ങളുടെ ഗുരുതരമായ ലംഘനമാണെന്നും, ഇത്തരം നടപടി ആവർത്തിക്കപ്പെട്ടിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

3. യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം ചീഫ് എക്സിക്യൂട്ടീവ് ബോഡി എടുക്കുന്ന തീരുമാനം നടപ്പിലാക്കുന്ന കടമ യൂണിവേഴ്സിറ്റി അതോറിറ്റീസിന്

ഉണ്ടെന്നും അപ്രകാരം സിൻഡിക്കേറ്റിന്റെ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് നിയമനം നടത്തിയിരിക്കുന്നതെന്നും മഹാത്മാഗാന്ധി സർവ്വകലാശാല ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

4. യൂണിവേഴ്സിറ്റിയിലെ മരാമത്ത് പണികളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതും പണികളുടെ മേൽനോട്ടം വഹിക്കുന്നതും ആരാണെന്ന സമിതി യുടെ ചോദ്യത്തിന് മൈനർ വർക്കുകളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നത് യൂണിവേഴ്സിറ്റിയിലെ എഞ്ചിനീയറിംഗ് യൂണിറ്റാണെന്നും 5 കോടി രൂപയ്ക്ക് മുകളി ലുള്ള വർക്കുകളിൽ ചിലതിനു പുറമേനിന്നുള്ള ആർക്കിടെക്ടുകളെ ചുമതലപ്പെടുത്താ റുണ്ടെന്നും ചില വർക്കുകൾ സെൻട്രൽ പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റിനെ ഏൽപ്പി ക്കാറുണ്ടെന്നും മഹാത്മാഗാന്ധി സർവ്വകലാശാല ഫൈനാൻസ് ഓഫീസർ അറിയിച്ചു. യൂണിവേഴ്സിറ്റിയിലെ എഞ്ചിനീയറിംഗ് വിംഗിൽ എത്രപേർ ജോലി നോക്കുന്നു ണ്ടെന്നും യൂണിവേഴ്സിറ്റിയിലെ ഏറ്റവും ഉയർന്ന തസ്തിക ഏതാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് എത്രപേർ ജോലി നോക്കുന്നുണ്ടെന്ന കൃത്യമായ കണക്ക് കൈവശമില്ലെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ തസ്തികയാണ് യൂണിവേഴ്സിറ്റി യിലെ ഉയർന്ന തസ്തികയെന്നും ഫൈനാൻസ് ഓഫീസർ അറിയിച്ചു. യൂണിവേഴ്സിറ്റി യിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്കു പുറമേ വീണ്ടും മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത എന്തായിരുന്നുവെന്ന സമിതിയുടെ ചോദ്യത്തിന്, 1998-99 കാലഘട്ടത്തിൽ വളരെയധികം വികസന പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കിയിരുന്നു എന്ന് ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

5. ഗവൺമെന്റിന്റെ അനുമതിയില്ലാതെ തസ്തികകൾ സൃഷ്ടിക്കുന്നതിന് എം. ജി. സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥയുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, സ്റ്റാറ്റ്യൂട്ട് അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യ മാണെന്നും ഉന്നതവിദ്യാഭ്യാസ സെക്രട്ടറി സമിതിയിൽ വെളിപ്പെടുത്തി. യൂണിവേഴ്സി റ്റിയുടെ സ്റ്റാറ്റ്യൂട്ടറി ഫൈനാൻസ് കമ്മിറ്റിയിൽ ധനകാര്യ വകുപ്പിന്റെ ഒരു പ്രതിനിധിയു ണ്ടെന്നും യൂണിവേഴ്സിറ്റി ഫൈനാൻസ് കമ്മിറ്റി പുതിയ തസ്തികകൾ സൃഷ്ടിക്കു ന്നത് ധനകാര്യ വകുപ്പിന്റെ അനുമതിയോടെയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഗവൺമെന്റിന്റെ അനുമതിയില്ലാതെ സിൻഡിക്കേറ്റ് യാതൊരു കാരണവശാലും പുതിയ തസ്തികകൾക്ക് അനുമതി നൽകാറില്ലെന്നും 1998-ൽ സൃഷ്ടിച്ച തസ്തികയ്ക്ക് ഇതു വരെ ഗവൺമെന്റ് അംഗീകാരം നൽകിയിട്ടില്ലെന്നും ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ തുടർന്നറിയിച്ചു.

6. 1998-ലെ ഓഡിറ്റ് ഖണ്ഡികയിൽ പ്രസ്തുത വിഷയത്തെക്കുറിച്ച് പരാമർശ മുണ്ടായിട്ടും ഇപ്രകാരം നിയമനം ലഭിച്ച ഉദ്യോഗസ്ഥർ സർവ്വീസിൽ തുടരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം തുടരുന്നതിന് അനുമതി നൽകിയത് ആരാണെന്നും തുടരാനുള്ള കാരണം, ഇത് അനുവദിക്കാൻ സർവകലാശാലയ്ക്ക് അധികാരമുണ്ടോ; ഇതു സംബന്ധിച്ച് സർക്കാരിൽ നിന്ന് നിർദ്ദേശം നൽകിയിരുന്നോ യെന്നും ഇല്ലാത്തപക്ഷം കാരണം വ്യക്തമാക്കുവാനും സമിതി ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശുപാർശകൾ

7. യൂണിവേഴ്സിറ്റിയിൽ 2000-3200 രൂപാ ശമ്പള സ്കെയിലിന് മുകളിലുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യ മാണെന്നിരിക്കെ ആയത് ലഭ്യമാക്കാതെ എം.ജി. സർവ്വകലാശാലയിൽ 3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പുതിയ തസ്തികകൾ സർവ്വകലാശാല ഏകപക്ഷീയ മായി അനുമതി കൂടാതെ സൃഷ്ടിക്കുകയും അതിൽ നിയമനം നടത്തുകയും അവരെ ഇപ്പോഴും തുടരാൻ അനുവദിക്കുകയും ചെയ്തത് യൂണിവേഴ്സിറ്റിക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയിരിക്കുകയാണെന്നും ആയത് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും മേൽ പ്പറഞ്ഞ തസ്തികകൾ തുടരുകയും, ആയതിന് സർക്കാർ അംഗീകാരം നേടുന്നതിന് യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നും വീഴ്ച വരുത്തുകയും ചെയ്തതായും സമിതിയ്ക്ക് ബോദ്ധ്യമായി. എത്രതന്നെ വികസന പ്രവർത്തനങ്ങൾ നടന്നാലും നിലവി ലുള്ള ജീവനക്കാർക്കു പുറമേ എഞ്ചിനീയറിംഗ് വിംഗിൽ 3 അസിസ്റ്റന്റ് എക്സിക്യൂ ട്ടീവ് എഞ്ചിനീയർമാരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ചത് ന്യായീകരിക്കാനാ വില്ലെന്നും പൊതുമരാമത്തു വകുപ്പുമായി താരതമ്യപ്പെടുത്തിയാൽ അവിടുത്തെ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെയ്യുന്ന ജോലിയുടെ പത്തിലൊന്നു ജോലി പോലും യൂണിവേഴ്സിറ്റിയിൽ ഉണ്ടാകില്ലയെന്നും സമിതി ചൂണ്ടിക്കാട്ടി. മുൻകൂട്ടിയുള്ള അനു വാദം വാങ്ങാതെ ഇപ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ആയത് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും, പ്രസ്തുത വിഷയം നിയമസഭാ സമിതിയുടെ പരിഗണനയ്ക്ക് വന്നിട്ടും ഇപ്പോഴും ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തു കയോ, സാധൂകരണം വാങ്ങുകയോ ചെയ്യാത്തത് തികച്ചും ക്രമവിരുദ്ധവും ചട്ടലംഘ നവും നിരുത്തരവാദപരവുമായ നടപടിയാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു.

8. ആയതിനാൽ അനധികൃതവും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥയെ ലംഘിച്ചുകൊണ്ടും ഉള്ള പ്രസ്തുത നിയമനത്തിലൂടെ യൂണിവേഴ്സിറ്റിക്കുണ്ടായ സാമ്പത്തിക ബാദ്ധ്യത മുഴുവൻ ഇതിനുത്തരവാദിയായവരിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കണ മെന്നും ഇവരുടെ മേൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും കൂടാതെ ഗവൺമെന്റിന്റെ അനുമതിയില്ലാതെ സൃഷ്ടിച്ചതും ഇപ്പോഴും തുടരുന്നതുമായ 3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികകൾ നിർത്തലാക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**അക്കൗണ്ട്സ് റൂൾസ് അംഗീകരിച്ച് നടപ്പാക്കിയില്ല**

7-10-1983-ൽ മഹാത്മാഗാന്ധി സർവ്വകലാശാല നിലവിൽ വന്നു. 1985 ലെ സർവ്വകലാശാല ആക്ട് സെക്ഷൻ 99(2) പ്രകാരം കണക്കുകൾ സൂക്ഷിക്കുന്നതിനാവ ശ്യമായ നിയമങ്ങൾ ഉണ്ടാക്കേണ്ട ഉത്തരവാദിത്വം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണ്.

ഈ യൂണിവേഴ്സിറ്റി സ്ഥാപിതമായിട്ട് 17 വർഷമായെങ്കിലും ഇതുവരെ ഈ സ്ഥാപനത്തിന് ഒരു "അക്കൗണ്ട്സ് റൂൾസ്" അംഗീകരിച്ച് നടപ്പാക്കിയിട്ടില്ല. അതിനാൽ യൂണിവേഴ്സിറ്റിയുടെ വിവിധ ശാഖകളിൽ ഏകീകൃത സ്വാഭാവത്തിൽ അക്കൗണ്ട് ബുക്കുകൾ സൂക്ഷിക്കുകയോ വാർഷിക കണക്കുകൾ തയ്യാറാക്കുകയോ ചെയ്യുന്നില്ല.

ഈ അപാകത കാരണം യൂണിവേഴ്സിറ്റിയുടെ വരവും ചെലവും കൃത്യമായി പരിശോധിക്കുവാൻ സാധിക്കുന്നില്ല. അക്കൗണ്ട്സ് റൂൾസ് ഉണ്ടാക്കുന്നതിലേയ്ക്കായി നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നുമില്ല. ബന്ധപ്പെട്ടവരുടെ ശ്രദ്ധ ഇക്കാര്യത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI 2(1)]

ഓഡിറ്റ് ഖണ്ഡികകയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാലാ രജിസ്ട്രാറുടെ 17-11-2006-ലെ രജിസ്ട്രാർ/2/2006 നമ്പർ കത്തു മുഖേന ലഭ്യമാക്കിയ മറുപടി:—

9. "തുടക്കം മുതൽ തന്നെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കേരള യൂണിവേഴ്സിറ്റിയുടെ അക്കൗണ്ടിങ് രീതിയാണു പിന്തുടരുന്നത്. ഇത് സിംഗിൾ എൻട്രി രീതിയാണ്. ബജറ്റ് ഹെഡുകൾക്കനുസൃതമായി തരം തിരിച്ച് വിവിധ വകുപ്പുകളുടെ കീഴിൽ ഇവ നിജപ്പെടുത്തിയിരിക്കുന്നു. അക്കൗണ്ടുകൾ ഡബിൾ എൻട്രി രീതിയിലേക്കാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുകയാണ്. 2007-08 സാമ്പത്തിക വർഷം മുതൽ പുതിയ രീതി പ്രാവർത്തികമാക്കാമെന്ന് പ്രതിക്ഷിക്കുന്നു."

10. യൂണിവേഴ്സിറ്റിയിൽ നിലവിലിരിക്കുന്ന അക്കൗണ്ടിംഗ് രീതിയെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, എങ്ങനെയാണ് അക്കൗണ്ട്സ് കൈകാര്യം ചെയ്യേണ്ടതെന്ന കാര്യത്തിൽ നാളിതുവരെ വ്യക്തമായ ഒരു നിയമാവലി ഇല്ലായെന്നും കേരള സർവ്വകലാശാലയിൽ പിൻതുടരുന്ന സിംഗിൾ എൻട്രി സമ്പ്രദായമാണ് മഹാത്മാഗാന്ധി സർവ്വകലാശാലയിലും തുടരുന്നതെന്ന് എം.ജി. സർവ്വകലാശാല ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

11. സിംഗിൾ എൻട്രി സിസ്റ്റത്തിൽ നിന്ന് ഡബിൾ എൻട്രിയിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ ആരംഭിച്ചുവെന്നും, പുതിയ രീതിയിലേയ്ക്ക് മാറ്റുമ്പോൾ പഴയ അസെറ്റ്സ് ബാലൻസുകൾ ബാലൻസ് ഷീറ്റിലേക്ക് മാറ്റുന്നതിന് ചില ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും 1-4-2007 മുതൽ അക്കൗണ്ടിംഗ് രീതി ഡബിൾ എൻട്രിയിലേയ്ക്ക് മാറ്റുന്നതിന് തീരുമാനമായിട്ടുണ്ടെന്നും ഫൈനാൻസ് ഓഫീസർ അറിയിച്ചു. സർവ്വകലാശാലയുടെ മറുപടി സമിതിക്ക് തൃപ്തികരമാകാത്തതിനാൽ വീണ്ടും ഒരു തെളിവെടുപ്പ് നടത്തുകയുണ്ടായി.

12. അക്കൗണ്ടിംഗ് റൂൾസ് അംഗീകരിച്ച് നടപ്പാക്കിയില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നടന്ന രണ്ടാമത്തെ തെളിവെടുപ്പിലും, എം.ജി. സർവ്വകലാശാലയിൽ ഡബിൾ എൻട്രി സിസ്റ്റം നടപ്പിലാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. പ്രസ്തുത സിസ്റ്റം നടപ്പാക്കുന്നതിന് സാങ്കേതികമായ പല ബുദ്ധിമുട്ടുകൾ ഉണ്ടെന്നും ഇതിനായി പ്രത്യേകം റൂൾസ് ഉണ്ടാക്കി സിൻഡിക്കേറ്റിൽ അത് അംഗീകരിക്കണമെന്നും ബാലൻസ്ഷീറ്റ് ഇല്ലാത്തതിനാൽ ബാലൻസ്ഷീറ്റ് ഉണ്ടാക്കിയാൽ മാത്രമേ പുതിയ അക്കൗണ്ടിംഗ് രീതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്നും ഫൈനാൻസ് ഓഫീസർ തുടർന്നറിയിച്ചു.

13. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സ്വത്തുവിവരക്കണക്ക് രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അസറ്റ്സ് രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കുന്നുണ്ടോ എന്ന് കൃത്യമായി അറിയില്ല എന്ന് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. മുൻവർഷത്തെ ക്ലോസിംഗ് ബാലൻസാണ് അടുത്ത വർഷത്തെ ഓപ്പണിംഗ് ബാലൻസെന്നും ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എടുക്കുന്നില്ലെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം കൂട്ടിച്ചേർത്തു.

14. സ്റ്റാഫിന്റെ കുറവും കൂടെക്കൂടെയുളള സ്ഥലംമാറ്റവും കാരണം അക്കൗണ്ടിംഗ് കൃത്യമായി പൂർത്തിയാക്കുവാൻ സാധിക്കുന്നില്ലെന്നും സ്റ്റാഫിന്റെ ട്രാൻസ്ഫർ ഒഴിവാക്കി കണ്ടിന്യൂവിറ്റി ഉറപ്പാക്കിത്തരണമെന്ന് വൈസ് ചാൻസലറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അപ്രകാരം ചെയ്യുകയാണെങ്കിൽ വളരെ വേഗത്തിൽ അക്കൗണ്ടിംഗ് സിസ്റ്റം ഡബിൾ എൻട്രിയിലാക്കാൻ സാധിക്കും എന്നും ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. എം.ജി. യൂണിവേഴ്സിറ്റിയിൽ മാത്രമല്ല എല്ലാ യൂണിവേഴ്സിറ്റികളിലും അക്കൗണ്ടിംഗ് സിസ്റ്റം ഡബിൾ എൻട്രിയിലല്ല എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതെന്നും ഫൈനാൻസ് ഓഫീസർ കൂട്ടിച്ചേർത്തു. എന്നത്തേക്ക് ഈ സിസ്റ്റത്തിന് മാറ്റമുണ്ടാകുമെന്നുള്ള സമിതിയുടെ ചോദ്യത്തിന് അക്കൗണ്ട് മാനുവലും അസെറ്റ്സ് രജിസ്റ്ററും എഴുതി ഉണ്ടാക്കണമെന്നും കഴിയുന്നതും വേഗം അതു പൂർത്തിയാക്കാമെന്നും ഫൈനാൻസ് ഓഫീസർ സമിതിക്ക് ഉറപ്പു നൽകി.

## നിഗമനങ്ങൾ/ശുപാർശകൾ

15. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസെറ്റ്സ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല എന്ന യൂണിവേഴ്സിറ്റി ഫൈനാൻസ് ഓഫീസറുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഇത്രയും വലിയൊരു സ്ഥാപനത്തിന്റെ അസെറ്റ്സ് എത്രയാണെന്ന് പറയാൻ കഴിയാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി. അക്കൗണ്ടിംഗ് സിസ്റ്റത്തിന് അനിവാര്യമായ ഒരു നടപടിക്രമമാണ് റീകൺസിലിയേഷൻ എന്നിരിക്കെ റീകൺസിലിയേഷൻ നടത്താതെ നിലവിലുള്ള രീതി തുടർന്നാൽ അത് സർവ്വകലാശാലയുടെ അക്കൗണ്ടിംഗിനെ തന്നെ സാരമായി ബാധിക്കുമെന്നും ഭാവിയിൽ ഉദ്യോഗസ്ഥർക്ക് വൻസാമ്പത്തിക ബാദ്ധ്യത ഉണ്ടാകാനുള്ള സാഹചര്യം സൃഷ്ടിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടി. അക്കൗണ്ടിംഗ് സിസ്റ്റത്തിൽ മാറ്റം വരുത്തുന്നതിന് ഫിനാൻസ് വിംഗാണ് നിർദ്ദേശം വയ്ക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ സമയബന്ധിതമായി മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ധനകാര്യവിഭാഗം അക്കൗണ്ട്സ് റൂൾസ് തയ്യാറാക്കണമെന്നും സിംഗിൾ എൻട്രി സിസ്റ്റത്തിൽ നിന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് അക്കൗണ്ടിംഗ് രീതി മാറ്റുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**മൊബൈൽ ഫോൺ**

മൊബൈൽ ഫോൺ വാങ്ങിയ ഇനത്തിൽ മൊത്തം 48,810 രൂപ ചെലവായിട്ടുണ്ട്. മൊബൈൽ ഫോൺ വാങ്ങിയതിന്റെ സാധൂകരണത്തിനായി ധനകാര്യവകുപ്പിലേക്ക് അയച്ച പ്രൊപ്പൊസലിന്മേൽ നാളിതുവരെയുള്ള സർക്കാർ ഉത്തരവ് ലഭിച്ചിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI 2(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാലാ രജിസ്ട്രാറുടെ 17-11-2006-ലെ രജിസ്ട്രാർ/2/2006 നമ്പർ കത്തു മുഖേന ലഭ്യമാക്കിയ മറുപടി:—

16. "കേരളത്തിലെ ഏറ്റവും വലിയ സർവ്വകലാശാലയായ എം. ജി. യൂണിവേഴ്സിറ്റിയുമായി മധ്യകേരളത്തിലെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും സംബന്ധിച്ച് ഉന്നത ഓഫീസർമാർക്ക് നിരന്തരം യാത്ര ചെയ്യേണ്ടതുണ്ട്. ഈ ഓഫീസർമാരുമായി സർവകലാശാലയ്ക്ക് ഭരണപരമായ കാര്യങ്ങൾക്കായി നിരന്തരം ബന്ധപ്പെടുന്നതിലേക്കാണ് സർവകലാശാല മൊബൈൽ ഫോൺ സൗകര്യം ഏർപ്പെടുത്തിയത്. എന്നാൽ പിന്നീട് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഇതിനോട് വിയോജിച്ചപ്പോൾ ഈ സൗകര്യം 2003-ൽ പിൻവലിക്കുകയും ഹാൻഡ് സെറ്റുകൾ തിരികെ വാങ്ങുകയും ചെയ്തിട്ടുള്ളതാണ്."

17. സർക്കാരിന്റെ അനുമതിയില്ലാതെ മൊബൈൽ ഫോണുകൾ വാങ്ങിയെന്ന ആഡിറ്റ് പരാമർശത്തിൻമേൽ സമിതി വിശദീകരണം ആരാഞ്ഞതിന്, യൂണിവേഴ്സിറ്റിയിലെ ഉന്നത ഉദ്യോഗസ്ഥൻ എന്ന നിലയിൽ സിൻഡിക്കേറ്റിന്റെ അനുമതിയോടെ വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ, രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻ, ഫിനാൻസ് ഓഫീസർ എന്നിവർക്കാണ് മൊബൈൽ ഫോൺ വാങ്ങിയതെന്നും എന്നാൽ ഓഡിറ്റ് പരാമർശത്തെ തുടർന്ന് രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, കൺട്രോളർ ഓഫ് എക്സാമിനേഷൻ എന്നിവരുടെ ഫോണുകൾ സറണ്ടർ ചെയ്യുകയുണ്ടായിയെന്നും വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറും ഫോണുകൾ ഇപ്പോഴും ഉപയോഗിക്കുന്നുണ്ട് എന്നും ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

18. പിൻവലിക്കപ്പെട്ട ഫോണുകൾ (ഹാൻഡ്സെറ്റ്) ഇപ്പോൾ ആരുടെ കൈവശമാണെന്നും പൊതുഖജനാവിലെ പണം ചെലവാക്കി വാങ്ങിയ ഫോണുകൾ ലേലം ചെയ്തു വിൽക്കാതെ അനധികൃതമായി കൈവശം സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണെന്നും സമിതി ചൂണ്ടിക്കാട്ടി. സറണ്ടർ ചെയ്ത ഫോണുകൾ എത്രയും വേഗം ലേലം ചെയ്ത് യൂണിവേഴ്സിറ്റിക്ക് മുതൽകൂട്ടണമെന്ന് സിമിതി നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൻമേൽ യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതി

നാൽ 10-5-2007-ലെ യോഗത്തിലും സമിതി ഈ വിഷയം പരിഗണിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്ന് 23-1-2007-ലെ 26185/ബി4/06/ഉ.വി.വ. കത്തു പ്രകാരം ലഭിച്ച അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

"പഴയ മൊബൈൽ ഫോണുകൾ ലേലം ചെയ്തു വില്ക്കുവാൻ സർവ്വകലാശാല തീരുമാനിക്കുകയുണ്ടായി. എന്നാൽ ലേലത്തിന് ആരും എത്താതിരുന്നതിനാൽ ഇവ സേഫ് കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ മൊബൈൽ ഫോണുകൾ വീണ്ടും ലേലം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്."

19. സർക്കാരിന്റെ അനുമതിയില്ലാതെ 48,810 രൂപയുടെ മൊബൈൽ ഫോൺ വാങ്ങിയതിന് ഗവൺമെന്റിന്റെ അനുമതി വാങ്ങിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് സിൻഡിക്കേറ്റിന്റെ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് വാങ്ങിയതെന്ന് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. ഫോണുകളുടെ ലേലത്തിനായി ടെണ്ടർ ക്ഷണിച്ചിട്ട് ആരും എത്തിയില്ലെന്നും 10 വർഷം മുൻപുള്ള മോഡൽ ആയതിനാൽ ആരുംതന്നെ വാങ്ങുന്നില്ലായെന്നും പ്രസ്തുത മൊബൈൽ ഫോണുകൾ സർവ്വകലാശാലാ രജിസ്ട്രാരുടെ പി.എ.യുടെ സെയ്ഫ് കസ്റ്റഡിയിലുണ്ടെന്നും ഫൈനാൻസ് ഓഫീസർ തുടർന്നറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

20. സർക്കാരിന്റെ അനുമതി വാങ്ങാതെയാണ് മഹാത്മാഗാന്ധി സർവ്വകലാശാല മൊബൈൽ ഫോൺ വാങ്ങിയതെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സർവ്വകലാശാലയുടെ ക്രമവിരുദ്ധമായ പ്രസ്തുത നടപടി മൂലം 48,810 രൂപയുടെ പാഴ്ചെലവ് സർവ്വകലാശാലയ്ക്ക് ഉണ്ടായതായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തെത്തുടർന്ന് പിൻവലിക്കപ്പെട്ട ഫോണുകൾ 10 വർഷം പഴക്കമുള്ള മോഡലായതിനാൽ ലേലം ചെയ്തുകൊടുക്കുകയോ വിൽക്കുകയോ ചെയ്യുവാൻ സാധിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത മൊബൈൽ ഫോണുകൾ സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രായോഗിക പഠനത്തിനായി നൽകുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**വീട്ടുവാടക അലവൻസ് നൽകിയത്**

യൂണിവേഴ്സിറ്റിയുടെ 8-2-1998-ലെ 1581/97/എ1(3) അഡ്മിനിസ്ട്രേഷൻ ഉത്തരവും 24-3-1999-ലെ 1581/97/എ1(3) അഡ്മിനിസ്ട്രേഷൻ ഉത്തരവും അനുസരിച്ച് യഥാക്രമം യൂണിവേഴ്സിറ്റിയിലെ ഫൈനാൻസ് ഓഫീസർ, രജിസ്ട്രാർ എന്നിവർക്ക് 750 രൂപാ വീതം വീട്ടുവാടക അലവൻസ് നൽകുകയുമുണ്ടായി. ഇപ്പോൾ നിലവിലുള്ള സർവ്വീസ് നിയമങ്ങൾ അനുസരിച്ചോ, ശമ്പള പരിഷ്ക്കരണ ഉത്തരവ് അനുസരിച്ചോ 750 രൂപ വീട്ടുവാടക അലവൻസായി നൽകുവാൻ വ്യവസ്ഥകളില്ല. ആഡിറ്റിൽ നിന്നും ഇതു സംബന്ധിച്ച് യൂണിവേഴ്സിറ്റിക്ക് അയച്ച അറിയിപ്പുകളിൻമേൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.2.(1)]

21. വ്യവസ്ഥകൾ ലംഘിച്ച് വീട്ടുവാടക അലവൻസ് നൽകിയതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് കൃത്യമായി എഴുതിതയ്യാറാക്കിയ മറുപടി സർവ്വകലാശാലാധി കൃതർ സമിതിക്ക് ലഭ്യമാക്കിയിട്ടില്ല.

22. വ്യവസ്ഥകളില്ലാതെ ഉന്നത ഉദ്യോഗസ്ഥർക്ക് വീട്ടുവാടക നൽകിയെന്ന ആഡിറ്റ് പരാമർശത്തെ സംബന്ധിച്ച യൂണിവേഴ്സിറ്റിയുടെ അഭിപ്രായം തെളിവെടുപ്പു വേളയിൽ സമിതി ആരാഞ്ഞതിന്, യൂണിവേഴ്സിറ്റിയിൽ ക്വാർട്ടേഴ്സ് സൗകര്യം ഇല്ലാതിരുന്ന സമയത്ത് കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവർക്ക് 750 രൂപ വീതം എച്ച്.ആർ.എ. നൽകുന്നതിന് ഗവൺമെന്റിൽ നിന്നും (ലറ്റർ നമ്പർ 8315/ബി2/85/ഹയർ എഡ്യൂക്കേഷൻ തീയതി 7-3-1986, കമ്മീഷണർ ആന്റ് സെക്രട്ടറി) കത്ത് പ്രകാരം അനുമതി വാങ്ങിയിരുന്നുവെന്നും ഈ വിവരം ലോക്കൽ ഫണ്ട് ഡിപ്പാർട്ടുമെന്റിനെ അറിയിച്ചിട്ടുണ്ടെന്നും ക്വാർട്ടേഴ്സ് അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരിൽ നിന്നും 2% വാടക ഈടാക്കുന്നുണ്ടെന്നും ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

23. നിലവിലുണ്ടായിരുന്ന നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ എച്ച്.ആർ.എ. നൽകുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതു മാനദണ്ഡമനുസരിച്ചാണ് നൽകിയതെന്നുമുള്ള വിവരം അറിയിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലെങ്കിൽ അധികമായി നൽകിയ വീട്ടുവാടക അലവൻസ് ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**രഹസ്യ ചെലവുകൾ-ആഡിറ്റിന് വിധേയമാക്കാത്തത്**

രഹസ്യ സ്വഭാവമുള്ള ചെലവുകൾക്കായി വൻതുകകൾ ഓരോ വർഷവും സർവ്വകലാശാല ചെലവഴിക്കുന്നതായി കാണുന്നു. മുൻ വർഷങ്ങളിൽ ഇപ്രകാരം ചെലവഴിച്ച തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | തുക (രൂപ) |
|---|---|
| 1986-87 | 6,14,164 |
| 1987-88 | 13,49,629 |
| 1988-89 | 10,49,733 |
| 1989-90 | 13,15,764 |
| 1990-91 | 14,94,615 |
| 1991-92 | 17,42,165 |
| 1992-93 | 18,22,035 |
| 1993-94 | 18,96,116 |
| 1994-95 | 20,81,324 |
| 1995-96 | 24,73,305 |
| 1996-97 | 25,56,195 |

അന്വേഷണത്തിൽ ഫൈനാൻസ് ഓഫീസറും വൈസ് ചൻസലറും കൂട്ടായി അംഗീകരിച്ച നിയമങ്ങളുപയോഗിച്ചാണ് ഇതിനാവശ്യമായ തുകകൾ പിൻവലിക്കുന്നതും ചെലവഴിക്കുന്നതുമെന്നു അറിയിക്കുകയുണ്ടായി. ഇത്തരത്തിലുള്ള ഒരു നിയമത്തെക്കുറിച്ചു ആഡിറ്റിനു ഇതുവരെ ബോധ്യപ്പെടുത്തിയിട്ടില്ല. ഈ തുകയെ സംബന്ധിച്ച ഇടപാടുകൾ ആഡിറ്റിനു വിധേയമാക്കുന്നതുമില്ല. കേരള ഫിനാൻഷ്യൽ കോഡ് ചട്ടം 5-ന്റെ അനുബന്ധം VI പ്രകാരം ഇത്തരം കണക്കുകൾ ഓഡിറ്റിനു വിധേയമാക്കേണ്ടതില്ല. എന്നാൽ ചട്ടം 4 പ്രകാരം ഈ കണക്കുകൾ ഭരണ വകുപ്പിനാൽ നിയോഗിക്കുന്ന അധികാരിയെ ഉപയോഗിച്ചു ആഡിറ്റിനു വിധേയമാക്കി സാക്ഷിപത്രം നൽകേണ്ടതാണ്. ഇതും നടപ്പാക്കിയതായി രേഖകളില്ല.

വർഷങ്ങൾ കഴിയുംതോറും ഈ ചെലവിനം വർദ്ധിച്ചു വരുന്നതായാണു കാണുന്നത്. ഏതെങ്കിലും ഒരു ഏജൻസിയെക്കൊണ്ടു പരിശോധന നടത്താത്ത അവസ്ഥ ചെലവുകളുടെ ദുരുപയോഗത്തിനും ക്രമക്കേടുകൾക്കും കാരണമാകും. ആയതിനാൽ ഈ ഇനത്തിലുള്ള ചെലവിന്റെ രഹസ്യസ്വഭാവവും നിയന്ത്രണവും അന്വേഷണ വിധേയമാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000-ലെ സമാഹൃത റിപ്പോർട്ട് - ഖണ്ഡിക VI 2(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാറുടെ 17-11-2006-ലെ രജിസ്ട്രാർ/2/2006 നമ്പർ കത്തു മുഖേന ലഭ്യമാക്കിയ മറുപടി :—

24. ഈ സർവ്വകലാശാല പ്രതിവർഷം 8000 പരീക്ഷകളാണ് നടത്തുന്നത്. ഈ പരീക്ഷകളുടെ രഹസ്യ സ്വഭാവം നിലനിർത്തുന്നതിനായി ചോദ്യക്കടലാസ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ അതീവ സൂക്ഷ്മതയോടെയാണ് നടത്തുന്നത്. ചോദ്യക്കടലാസ് ചോർച്ചയുൾപ്പെടെയുള്ള ഭീഷണി നിലനിൽക്കുന്നതിനാൽ ഇത് സംബന്ധമായ ബില്ലുകൾ ഓഡിറ്റിനു വിധേയമാക്കുന്നത് പരീക്ഷകളുടെ രഹസ്യ സ്വഭാവം നഷ്ടപ്പെടുത്തും തുടക്കം മുതൽ തന്നെ സർവ്വകലാശാല ഈ രീതിയാണ് അനുവർത്തിക്കുന്നത്.

25. ചോദ്യപ്പേപ്പർ സംബന്ധമായ അച്ചടി, കളക്ഷൻ, ട്രാൻസ്പോർട്ടേഷൻ, പാക്കിംഗ്, വിതരണം മുതലായ ജോലികൾ എല്ലാം രഹസ്യ സ്വഭാവം ഉള്ളവയാകയാൽ അവയ്ക്ക് ഉപയോഗിക്കുന്ന പണം ആഡിറ്റിങ്ങിന് വിധേയമാക്കാറില്ല, പകരം ചെലവുകൾ സംബന്ധിച്ചുള്ള വൗച്ചറുകളും രസീതുകളും മറ്റും ബഹുമാനപ്പെട്ട വൈസ് ചാൻസലറെ കാണിച്ച് ബോദ്ധ്യപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വൈസ് ചാൻസലറുടെ അംഗീകാരം വാങ്ങിയ ശേഷം അവ ഒരു നിശ്ചിത കാലയളവ് സൂക്ഷിക്കുകയും പിന്നീട് മേലധികാരികളുടെ ഉത്തരവ് വാങ്ങി അവ നശിപ്പിക്കുകയും ചെയ്യുന്നു.

26. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിന്മേൽ കൂടുതൽ വിവരം ആരായുന്നതിനായി 23-11-2006-ൽ സമിതി ഒരു തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പിൽ ഓഡിറ്റ് ഖണ്ഡികയിന്മേൽ സമിതി യൂണിവേഴ്സിറ്റിയിൽ നിന്നും വിശദാംശം ആരാഞ്ഞതിന് യൂണിവേഴ്സിറ്റി പരീക്ഷകളുമായി ബന്ധപ്പെട്ടു നൽകുന്ന

കോൺഫിഡൻഷ്യൽ പ്രിന്റിംഗ് ചാർജ്, ചോദ്യപ്പേപ്പർ സെറ്റേഴ്സിന് നൽകുന്ന പ്രതിഫലം തുടങ്ങിയവയാണ് രഹസ്യ ചെലവുകളിൽ ഉൾപ്പെടുന്നതെന്നും ഇപ്രകാരം ചോദ്യക്കടലാസ്സ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അതീവ സൂക്ഷ്മത യോടും രഹസ്യമായുമാണ് നടത്തുന്നതെന്നും ഇതു സംബന്ധിച്ച ബില്ലുകൾ സാധാരണ ഓഡിറ്റ് നടത്തുന്ന രീതിയിൽ ഓഡിറ്റിന് വിധേയമാക്കിയാൽ പരീക്ഷാ നടത്തിപ്പിന്റെ രഹസ്യ സ്വഭാവം നഷ്ടപ്പെടുമെന്നും കൂടാതെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകളുടെ വൗച്ചറുകൾ വൈസ് ചാൻസലറാണ് അനുവദിക്കുന്ന തെന്നും മൊത്തം ചെലവ് മാത്രമേ പുറത്ത് വിടുകയുള്ളൂവെന്നും ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

27. അനുവദിക്കുന്ന തുക ഇത്തരം ചെലവുകൾക്ക് ഉപയോഗിക്കുന്നതിന് രേഖ യുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് തുക ചെലവഴിച്ചതിന് രജിസ്റ്ററും വൗച്ചറും സൂക്ഷിക്കാറുണ്ടെന്ന് ഫൈനാൻസ് ഓഫീസർ മറുപടി നൽകി.

## നിഗമനങ്ങൾ/ശുപാർശകൾ

28. രഹസ്യ ചെലവുകൾ ഓഡിറ്റ് ചെയ്യുന്നതു സംബന്ധിച്ച് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലെന്നും എം.ജി യൂണിവേഴ്സിറ്റിയിൽ പരീക്ഷാ കൺട്രോളർ നടത്തുന്ന ചെലവുകളുടെ വൗച്ചറുകൾ വൈസ് ചാൻസലർക്ക് കൊടുക്കുന്നതല്ലാതെ വൈസ് ചാൻസലർ സാക്ഷ്യപത്രം നൽകുന്നതായി രേഖകളില്ല എന്നും സമിതി മനസ്സിലാക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് വാല്യം II അദ്ധ്യായം 5, 103-ാം ആർട്ടിക്കിളിലെ വ്യവസ്ഥ അനുസരിച്ച് ഗവൺമെന്റ് വകുപ്പുകളുടെ രഹസ്യ ചെലവുകളുടെ കണക്കുകൾ ഓഡിറ്റിനു വിധേയമാക്കേണ്ടതില്ല, എന്നാൽ ഈ കണക്കുകൾ ഭരണവകുപ്പ് നിയോഗിക്കുന്ന ഒരു കൺട്രോളിംഗ് ഓഫീസർ ആഡിറ്റ് നടത്തി സാക്ഷ്യപത്രം നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ സർവ്വകലാശാലകളുടെ രഹസ്യ ചെലവുകൾ വൈസ് ചാൻസലർ പരിശോധിച്ച് ധനവിനിയോഗം സാക്ഷ്യ പ്പെടുത്തേണ്ടതും സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ലൈബ്രറി പുസ്തകങ്ങൾ നൽകിയത് മടക്കി വാങ്ങാത്തത്**

1993 ഫെബ്രുവരി മാസം മുതൽ 1999 ജനുവരി വരെയുള്ള കാലയളവിലെ ലൈബ്രറിയിൽ നിന്നും ഗസ്റ്റ് ലക്ചറർമാർക്കും വിദ്യാർത്ഥികൾക്കുമായി നൽകിയ 69 പുസ്തകങ്ങൾ തിരിച്ചു നൽകിയതായി കാണുന്നില്ല. ഈ പ്രവണത ലൈബ്രറി പ്രവർത്തനത്തിന്റെ ഉദ്ദേശ്യത്തിന് നിരക്കാത്തതാണ്. അമൂല്യ പുസ്തകങ്ങൾ നഷ്ട പ്പെടുന്നത് സാമ്പത്തിക നഷ്ടത്തേക്കാൾ ലൈബ്രറിയുടെ ഗുണമേന്മ നഷ്ടപ്പെടു ത്തുന്നു എന്നതും ശ്രദ്ധേയമാണ്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിരുന്ന ഗസ്റ്റ് ലക്ചറർമാരിൽ നിന്ന് പുസ്തകങ്ങൾ മടക്കി വാങ്ങാനുള്ള സാദ്ധ്യതകൾ വിരളമാണ്.

ലൈബ്രറി പുസ്തകത്തിന്റെ വിതരണം നിയമപരമായി ചിട്ടപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI 2(2)]

ഓഡിറ്റ് ഖണ്ഡിക

**സ്ക്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് ലൈബ്രറി പുസ്തകങ്ങൾ കാൺമാനില്ലാത്തത്**

ലൈബ്രറിയിലെ പരിശോധനയിൽ ആകെ 12,741 രൂപ വിലയുള്ള 18 ലൈബ്രറി പുസ്തകങ്ങൾ കാൺമാനില്ല. ഈ ഇനത്തിലുള്ള സാമ്പത്തിക നഷ്ടം ഈടാക്കേണ്ടതാണ്. പുസ്തകങ്ങളെപ്പറ്റിയുള്ള പരിശോധനയിൽ വിലപിടിപ്പുള്ള മിക്കപുസ്തകങ്ങളും കമ്പ്യൂട്ടർ വിഷയത്തെ സംബന്ധിച്ചതാണെന്നു കാണുന്നു.ഇപ്രകാരം പുസ്തകങ്ങൾ കാണാതാകുന്ന അവസ്ഥ ഒഴിവാക്കാൻ നടപടികൾ അനിവാര്യമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-2000 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.2.(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാറുടെ 17-11-2006-ലെ രജിസ്ട്രാർ/2/2006/നമ്പർ കത്തു മുഖേന ലഭ്യമാക്കിയ മറുപടി:—

29. മെസേഴ്സ് സാംസ്നെറ്റ് പ്രസിദ്ധീകരിച്ചതും Jill Ellisworth രചിച്ച 'Internet 1997 Unleashed' എന്ന $49.99 വിലയുള്ള പുസ്തകം ശ്രീമതി. റൂണ മേരി പോൾ 24-2-2000-ൽ ലൈബ്രറിയിൽ നിന്ന് എടുത്തിട്ട് തിരികെ ഏൽപ്പിച്ചിട്ടില്ല. പിന്നീട് ഇതിനു 4800 രൂപ കമ്പ്യൂട്ടർ സയൻസ് ഡയറക്ടർ പിഴ ചുമത്തുകയും ആയത് 3-9-2002-ലെ 132978-ാം നമ്പർ ചെല്ലാൻ പ്രകാരം യൂണിവേഴ്സിറ്റി ഫണ്ടിൽ അടച്ചിട്ടുള്ളതുമാണ്.

30. 'Programming with C' എന്ന പുസ്തകം, ശ്രീ. എൻ. സുജിത്ത് 12-4-2000-ൽ ലൈബ്രറിയിൽ നിന്നും എടുത്തുവെങ്കിലും വളരെക്കാലത്തിനു ശേഷവും തിരികെ നൽകിയില്ല. പിന്നീട് 28-1-2002-ലെ നിർദ്ദേശ പ്രകാരം ഈ പുസ്തകത്തിന്റെ ഒരു പുതിയ പതിപ്പ് വാങ്ങി തിരികെയേൽപ്പിച്ചിട്ടുള്ളതുമാണ്.

31. ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും എന്തെങ്കിലും വ്യവസ്ഥയുണ്ടോയെന്നും എത്ര പുസ്തകങ്ങൾ തിരികെ ലഭിക്കാനുണ്ടെന്നും സമിതി ആരാഞ്ഞതിന് വിലയേറിയ രണ്ടു പുസ്തകങ്ങളാണ് നഷ്ടമായിട്ടുള്ളതെന്നും ഒരെണ്ണം തിരികെ ലഭിച്ചുവെന്നും മറ്റൊന്നിന്റെ വില ഫൈനോടുകൂടി ഈടാക്കിയെന്നും ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

32. സ്ക്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് ലൈബ്രറിയിൽ നിന്ന് 12,741 രൂപ വിലയുള്ള 18 പുസ്തകങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ളതെന്നും അതിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ലായെന്നും സമിതി ചൂണ്ടിക്കാട്ടി. കമ്പ്യൂട്ടർ വിഷയത്തെ സംബന്ധിച്ച് വിലപിടിപ്പുള്ള പുസ്തകങ്ങളാണ് നഷ്ടപ്പെട്ടിട്ടുള്ളതെന്നും ആയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

33. യൂണിവേഴ്സിറ്റി ലൈബ്രറിയിൽ നിന്നും നഷ്ടപ്പെട്ടതായി ഓഡിറ്റ് ഖണ്ഡികയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള 69 പുസ്തകങ്ങൾ മടക്കി ലഭിച്ചിട്ടുണ്ടോയെന്നും അല്ലാത്തപക്ഷം അതിന്റെ വിലയോ പിഴയോ ഈടാക്കിയോയെന്നുമുള്ള സമിതിയുടെ

ചോദ്യത്തിന് ആദ്യത്തെ ഒരു ബുക്കിന് 4800 രൂപ പിഴ ഈടാക്കിയെന്നും രണ്ടാമത്തെ ബുക്കിന് പകരം പുതിയ പതിപ്പ് എത്തിക്കുകയുണ്ടായിയെന്നും ഫൈനാൻസ് ഓഫീസർ മറുപടി നൽകി. രജിസ്റ്ററിലെ എൻട്രിയിൽ വന്ന പാകപ്പിഴ മൂലമാണ് ബാക്കി പുസ്തകങ്ങൾ നഷ്ടപ്പെട്ടതായി കണക്കാക്കപ്പെട്ടതെന്നുമാണ് അന്വേഷണത്തിൽ ഡിപ്പാർട്ട്മെന്റിൽ നിന്ന് മറുപടി ലഭിച്ചതെന്ന് എം.ജി. സർവ്വകലാശാല രജിസ്ട്രാർ തുടർന്നറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

34. അമൂല്യവും അപൂർവ്വവുമായ പുസ്തശേഖരം ഏതൊരു ലൈബ്രറിയുടെയും അഭിമാനമാണ്. അപ്രകാരമുള്ള ശേഖരത്തിൽ നിന്ന് പുസ്തകങ്ങൾ നഷ്ടപ്പെടുക എന്നത് ലാഘവബുദ്ധിയോടെ കാണേണ്ട കാര്യമല്ല എന്നു സമിതി ചൂണ്ടിക്കാട്ടുന്നു. 1993 മുതൽ 1999 വരെ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി റഫറൻസിനായി നൽകിയ 69 പുസ്തകങ്ങൾ കാൺമാനില്ലെന്നും സ്ക്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസിൽ നിന്നും 12,741 രൂപ വിലയുള്ള 18 പുസ്തകങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് പരാമർശം സമിതി ഗുരുതരമായി കാണുന്നു. ഇഷ്യൂ രജിസ്റ്ററിൽ വസ്തുതകൾ രേഖപ്പെടുത്തിയതിലുള്ള അപാകതമൂലമാണ് 69 പുസ്തകങ്ങൾ കാണാനില്ലെന്നു ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുവാനിടയായതെന്നും മേൽപ്പറഞ്ഞ അപാകത പരിഹരിച്ചിട്ടുണ്ട് എന്നും സർവ്വകലാശാലാധികൃതർ അറിയിച്ചതിൽ നിന്നും ലൈബ്രറിയിലെ പുസ്തക ശേഖരത്തെക്കുറിച്ച് പീരിയോഡിക്കൽ ഓഡിറ്റ് നടത്താറില്ല എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ രണ്ടു വർഷത്തിലൊരിക്കൽ സർവ്വകലാശാല ലൈബ്രറിയിൽ സ്റ്റോക്ക് വെരിഫിക്കേഷനും ഓഡിറ്റും നടത്തേണ്ടതാണ് എന്ന് സമിതി ശുപാർശ ചെയ്യുന്നു.

35. മേൽപ്പറഞ്ഞ രണ്ടു ഓഡിറ്റ് പരാമർശങ്ങളിലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സർവ്വകലാശാലയുടെ നഷ്ടം നികത്തിയതു സംബന്ധിച്ച് രേഖകൾ സമർപ്പിക്കണമെന്നും ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുന്നു.

ഓഡിറ്റ് ഖണ്ഡിക

**അഫിലിയേറ്റഡ് കോളേജുകൾ യൂണിവേഴ്സിറ്റി ഫണ്ടിലേയ്ക്ക് അടയ്ക്കുന്നതിനായി വിദ്യാർത്ഥികളിൽ നിന്ന് പിരിക്കുന്ന ഫീസുകൾ യഥാസമയം യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കുന്നില്ല.**

സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ അഡ്മിഷൻ സമയത്ത് യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കുന്നതിലേക്ക് വിദ്യാർത്ഥികളിൽ നിന്നും വിവിധ ഇനം ഫീസ് പിരിക്കുന്നുണ്ട്. യൂണിവേഴ്സിറ്റി യൂണിയൻ ഫീസ്, സ്പോർട്ട്സ് അഫിലിയേഷൻ ഫീസ്, മെട്രിക്കുലേഷൻ ഫീസ്, അഫിലിയേഷൻ ഫീസ്, എക്സാമിനേഷൻ ഫീസ് തുടങ്ങിയവ കോളേജ് അധികൃതർ യഥാസമയം യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കുന്നതിന് വീഴ്ച വരുത്തുന്നുണ്ട്.

വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുക്കുന്ന തുക യഥാസമയം യൂണിവേഴ്സിറ്റി യിൽ എത്തിക്കാൻ അധികൃതരുടെ ഭാഗത്തു നിന്നും പ്രവർത്തനം നടത്തിയതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

സെന്റ് മേരീസ് കോളേജ് മണർകാട്, ഗവൺമെന്റ് കോളേജ് നാട്ടകം, ബി.കെ. കോളേജ് അമലഗിരി, അസംഷൻ കോളേജ് ചങ്ങനാശ്ശേരി എന്നീ നാലു കോളേജുകളിൽ മാത്രം നടത്തിയ പരിശോധനയിൽ മൊത്തം 8,47,321 രൂപ യൂണിവേഴ്സിറ്റി ഫണ്ടിലേയ്ക്കടയ്ക്കാൻ ബാക്കി നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1995-96 കാലയളവ് മുതലുള്ള കുടിശ്ശിക ഉൾപ്പെടുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001 ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.2.(a)]

ഓഡിറ്റ് ഖണ്ഡിക

**ഫീസുകൾ യഥാസമയം പിരിച്ചെടുക്കാത്തതിലുണ്ടായ നഷ്ടം**

വിവിധ കോളേജുകളിൽ നിന്നും യൂണിവേഴ്സിറ്റിക്കു ലഭിക്കേണ്ട മെട്രിക്കുലേഷൻ ഫീസ്, സ്പോർട്ട് അഫിലിയേഷൻ ഫീസ്, അഫിലിയേഷൻ ഫീസ്, യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് കൂടാതെ വിവിധ പരീക്ഷകൾക്കായുള്ള എക്സാമി നേഷൻ ഫീസ് തുടങ്ങിയവ യഥാസമയം വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുക്കുന്ന തിലുള്ള വീഴ്ചമൂലം യൂണിവേഴ്സിറ്റിക്ക് ഭീമമായ തുക നഷ്ടപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിൽ നിന്നും ഈ ഇനത്തിൽ 36,175 രൂപയും തുരുത്തിക്കാട് ബി.എ.എം കോളേജിൽ നിന്നും 1,69,681 രൂപയും അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ നിന്നും 1,78,232 രൂപയും കിട്ടാനുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി തുക അതാതു കോളേജുകളിൽ നിന്നും വസൂലാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.2.(iii)]

ഓഡിറ്റ് ഖണ്ഡികകൾക്ക് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാറിൽ നിന്നും 17-11-2006-ലെ രജിസ്ട്രാർ/2/2006 നമ്പർ കത്തുമുഖേന ലഭ്യമായ മറുപടി:—

36. കോളേജുകളിൽ നിന്നുള്ള അഫിലിയേഷൻ ഫീസ് കുടിശ്ശിക പിരിക്കു വാനായി യൂണിവേഴ്സിറ്റി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെല്ലിന്റെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഭൂരിപക്ഷം കോളേജുകളിൽ നിന്നും കുടിശ്ശിക ഇനത്തിൽ ഒരു നല്ല സംഖ്യ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് കോളേജുകൾ കൊളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറുടെ അനുമതി ആവശ്യമാ ണെന്ന കാരണത്താൽ അഫിലിയേഷൻ ഫീസ് അടയ്ക്കുന്നില്ല.

37. 23-11-2006-ലെ സമിതി യോഗം ആവശ്യപ്പെട്ട പ്രകാരം സർവ്വകലാശാല രജിസ്ട്രാറിൽ നിന്ന് 11-12-2006-ലെ രജിസ്ട്രാർ 567/83/2006 നമ്പർ കത്ത് പ്രകാരം ലഭിച്ച അധിക വിവരം ചുവടെ ചേർക്കുന്നു:

**സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസ്**

| | | |
|---|---|---|
| ആകെ കുടിശ്ശിക | : | 31-12-2005 വരെ 3,63,14,922 രൂപ |
| ആകെ ലഭിച്ച തുക | : | 30-11-2006 വരെ 56,94,056 രൂപ |
| ബാക്കി ലഭിക്കാനുള്ള തുക | : | 3,06,20,866 രൂപ |

38. അഫിലിയേറ്റഡ് കോളേജുകൾ യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കേണ്ട തായ ഫീസുകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതെന്തുകൊണ്ടാണെന്നും, ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് യൂണിവേഴ്സിറ്റി ഫലപ്രദമായ നടപടികൾ സ്വീകരി ക്കാത്തത് എന്നും സമിതി ആരാഞ്ഞതിന് ഓരോ അദ്ധ്യയന വർഷാരംഭത്തിലും ഫീസുകൾ ഉടനെ അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എല്ലാ കോളേജിലേക്കും സർക്കുലർ അയയ്ക്കാറുണ്ടെങ്കിലും മിക്ക കോളേജുകളും ഫീസുകൾ അടയ്ക്കുന്ന തിൽ വീഴ്ചയും കുടിശ്ശികയും വരുത്തുന്നുണ്ടെന്ന് ഫൈനാൻസ് ഓഫീസർ അറിയിച്ചു. ഫീസുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിനായി താൽക്കാലികമായി ഒരു സെൽ രൂപീ കരിച്ചുവെന്നും സെല്ലിന്റെ പ്രവർത്തന ഫലമായി കുടിശ്ശിക വരുത്തിയിട്ടുള്ള കോളേജു കൾ സന്ദർശിച്ച് കുടിശ്ശിക ഉടൻ അടയ്ക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായിയെന്നും എന്നാൽ മിക്ക കോളേജുകളും ഇക്കാര്യത്തിൽ സഹകരിക്കാൻ വിസമ്മതിച്ചതായും, രജിസ്റ്ററുകൾ നൽകിയിട്ടില്ലെന്നും ഫൈനാൻസ് ഓഫീസർ അറിയിച്ചു.

39. സെല്ലിന്റെ പ്രവർത്തന ഫലമായി ഭൂരിപക്ഷം കോളേജുകളിൽ നിന്നും കുടിശ്ശിക പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്നും തുടർന്ന് സെൽ പിരിച്ചു വിട്ടുവെന്നും ഫീസ് പിരിക്കുന്നതിന് കോളേജുകളെ നിർബന്ധിക്കാൻ യൂണിവേഴ്സിറ്റിക്ക് ബുദ്ധിമുട്ടു ണ്ടെന്നും ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. കുടിശ്ശികയിനത്തിൽ ഏതെല്ലാം കോളേജുകൾ ഫീസ് അടച്ചു, ഏതെല്ലാം കോളേജുകൾ അടച്ചില്ല എന്ന തിന്റെ വിശദമായ റിപ്പോർട്ട് യൂണിവേഴ്സിറ്റി ലഭ്യമാക്കുകയുണ്ടായി.

40. അഫിലിയേറ്റഡ് കോളേജുകളിൽ ഏതെല്ലാം കോളേജുകളാണ് വീഴ്ച വരുത്തിയതെന്നും ഏതെല്ലാം വർഷങ്ങളിലാണെന്നും, പ്രസ്തുത തുക ഈടാക്കുന്ന തിന് എന്തു നടപടി സ്വീകരിച്ചു എന്നും സമിതി ആരാഞ്ഞു. കുടിശ്ശിക വരുത്തിയി ട്ടുള്ള എല്ലാ കോളേജുകളിലേക്കും ഒരു ഓഡിറ്റ് ടീമിനെ അയയ്ക്കുകയും ഡിമാന്റ് കളക്ഷൻ ബാലൻസ് (ഡി.സി.ബി) സ്റ്റേറ്റുമെന്റ് എടുക്കുകയും അതനുസരിച്ച് സാങ്ഷ നായിട്ടുള്ള തുക പിരിച്ചെടുത്തിട്ടുണ്ടെന്നും, അഫിലിയേഷൻ ഇനത്തിൽ പിരിഞ്ഞു കിട്ടാനുണ്ടായിരുന്ന 7,19,70,651 രൂപയിൽ 6,55,28,020 രൂപ പിരിച്ചെടുത്തിട്ടുണ്ടെ ന്നും, ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് ഇനത്തിൽ 7,15,64,000 രൂപ കുടിശ്ശിക യുള്ളതിൽ 5,16,66,211 രൂപ കളക്ട് ചെയ്തിട്ടുണ്ടെന്നും എം.ജി യൂണിവേഴ്സിറ്റി ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. 3,12,02,005 രൂപ കുടിശ്ശികയുള്ള തിൽ 56,94,056 രൂപ മാത്രമാണ് കളക്ട് ചെയ്തിട്ടുള്ളതെന്നും ഇനിയും കുടിശ്ശിക തുക ബാക്കിയുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടിയതിന്, കഴിഞ്ഞ കുറച്ചു ദിവസങ്ങൾക്കു

മുമ്പ് ടീമിനെ വിട്ട് കളക്ട് ചെയ്ത കണക്കാണ് നൽകിയിട്ടുള്ളതെന്നും ആയതിന്റെ കോപ്പി കൊണ്ടുവന്നിട്ടുണ്ടെന്നും കോളേജ് തിരിച്ചുള്ള ലിസ്റ്റ് സമർപ്പിക്കാമെന്നും, കാലടി ശ്രീ ശങ്കര കോളേജുൾപ്പെടെയുള്ള അൺ എയ്ഡഡ് കോളേജുകളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. സമിതി ആവശ്യപ്പെട്ട പ്രകാരം പിരിച്ചെടുത്ത ഫീസിന്റെ വിശദാംശങ്ങളടങ്ങിയ കോളേജ് തിരിച്ചുള്ള ലിസ്റ്റ് സമിതിയിൽ സമർപ്പിക്കുകയുണ്ടായി.

ഓഡിറ്റ് ഖണ്ഡിക

**ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് വസൂലാക്കാത്തതിലുണ്ടായ നഷ്ടം**

യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം എയ്ഡഡ് കോളേജുകളും അൺ എയ്ഡഡ് കോളേജുകളും വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുക്കുന്ന ഫീസിന്റെ 10% വരുന്ന തുക ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസായി യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. ഈ ഇനത്തിൽ രാമപുരം മാർ അഗസ്തിനോസ് കോളേജിൽ നിന്നും നെടുങ്കണ്ടം സെന്റ് ജോൺ ബാപ്റ്റിസ്റ്റ് കോളേജിൽ നിന്നും യഥാക്രമം 3,70,650 രൂപയും 1,00,000 രൂപയും കിട്ടാനുണ്ട്. തുക എത്രയും വേഗം കോളേജുകളിൽ നിന്നും വാങ്ങി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII 2 (iv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാറിൽ നിന്നും 17-11-2006-ലെ രജിസ്ട്രാർ/2/2006 നമ്പർ കത്തു മുഖേന ലഭ്യമായ മറുപടി:—

41. കോളേജുകളിൽ നിന്നും ലഭിക്കുവാനുള്ള കുടിശ്ശിക പിരിക്കുവാൻ വൈസ് ചാൻസിലർ നിയോഗിച്ച പ്രത്യേക സെൽ 2006 മേയ് മാസം രാമപുരം എം.എ കോളേജ് സന്ദർശിക്കുകയും അതിൻപ്രകാരം 2005-06 വരെയുള്ള എല്ലാ കുടിശ്ശികയും അവർ പൂർണ്ണമായി അടച്ചിട്ടുള്ളതാണ്.

42. 23-11-2006-ലെ സമിതി യോഗം ആവശ്യപ്പെട്ട പ്രകാരം സർവ്വകലാശാല രജിസ്ട്രാറിൽ നിന്നും 11-12-2006-ലെ രജിസ്ട്രാർ/567/83/2006 നമ്പർ കത്തു പ്രകാരം ലഭിച്ച അധിക വിവരം.

**ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ്**

| | | | |
|---|---|---|---|
| ആകെ കുടിശ്ശിക | : | 31-12-2005 വരെ | 89,68,505 രൂപ |
| ആകെ ലഭിച്ച തുക | : | 30-11-2006 വരെ | 22,00,432 രൂപ |
| ബാക്കി ലഭിക്കാനുള്ള തുക | | | 67,68,703 രൂപ |

43. ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് പിരിച്ചെടുക്കാൻ യൂണിവേഴ്സിറ്റിക്ക് അധികാരമില്ല എന്നു കാണിച്ച് കോലഞ്ചേരി കോളേജുൾപ്പെടെ ചില സ്വകാര്യ മാനേജ്മെന്റുകൾ കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ, ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് ഫിക്സ് ചെയ്യാമെന്നും, എന്നാൽ അത് ഏതെല്ലാം ഇനങ്ങളിൽ എന്തിനൊക്കെയാണ് ഉപയോഗപ്പെടുത്തുന്നത് എന്ന കണക്കുകൂടി ബോധിപ്പിക്കണം

എന്നുള്ള സുപ്രീം കോടതി വിധി അനുസരിച്ച് കഴിഞ്ഞ സിൻഡിക്കേറ്റ് യോഗം അപ്രകാരം തീരുമാനം എടുത്തിട്ടുണ്ടെന്നും ഫൈനാൻസ് ഓഫീസർ കൂട്ടിച്ചേർത്തു.

44. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അഫിലിയേഷൻ ഫീസ് ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് തരാമെന്നാണ് പറയുന്നതെന്നും കോളേജുകൾ തുറന്നാലുടൻ ഇതേ ടീമുകൾ ഒരിക്കൽ കൂടി കോളേജുകളിൽ പോയി ബാക്കി കിട്ടാനുള്ള തുക പിരിച്ചെടുക്കുമെന്നും ഫിനാൻസ് ഓഫീസർ അറിയിച്ചു. പീരിയോഡിക്കൽ ഡിമാന്റ് വയ്ക്കാറുണ്ടോയെന്നും റെസിപ്റ്റ് കൊടുത്തല്ലേ വിദ്യാർത്ഥികളിൽ നിന്നും ഫീ വാങ്ങുന്നതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പീരിയോഡിക്കൽ ഡിമാന്റ് വയ്ക്കാറുണ്ടെന്നും കഴിഞ്ഞ വർഷം വരെ അവർ ഒരു തുക കൊണ്ടുവന്ന് അടയ്ക്കുകയാണ് ചെയ്തിരുന്നതെന്നുമുള്ള ഫൈനാൻസ് ഓഫീസറുടെ മറുപടിയിൽ സമിതി ആശ്ചര്യം രേഖപ്പെടുത്തി.

## നിഗമനങ്ങൾ/ശുപാർശകൾ

45. അഫിലിയേഷൻ ഫീസും ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസും യഥാസമയം പിരിച്ചെടുക്കാത്തതു കാരണം യൂണിവേഴ്സിറ്റിക്ക് വളരെയധികം നഷ്ടം ഉണ്ടാക്കിയിരിക്കുകയാണെന്നു സമിതി അഭിപ്രായപ്പെട്ടു. മൂന്നു കോടി രൂപയുടെ കുടിശ്ശിക വന്നിട്ടും യൂണിവേഴ്സിറ്റി ഇതു പിരിച്ചെടുക്കുന്നതിൽ ശുഷ്ക്കാന്തി കാണിക്കാത്തതിനാൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അഫിലിയേഷൻ ഫീസ് യഥാസമയം പിരിച്ചെടുത്ത് കൃത്യമായി യൂണിവേഴ്സിറ്റിയിൽ അടയ്ക്കുന്നതിനുള്ള സ്ഥിരം സംവിധാനമുണ്ടാക്കണമെന്നും യഥാസമയം ഫീസ് യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കുന്നതിന് വിഴ്ച വരുത്തുന്നപക്ഷം പലിശയും പിഴപ്പലിശയും അതാതു കോളേജുകളിൽ നിന്നു തന്നെ ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ശമ്പളം നിജപ്പെടുത്തിയതിലെ അപാകതകൾ**

സർക്കാർ ഉത്തരവനുസരിച്ച് ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ സ്കീം അനുസരിച്ച് നിയമനം ലഭിച്ചവർ അവരുടെ മാതൃ യൂണിവേഴ്സിറ്റിയിൽ 28 A പാർട്ട് I, KSR പ്രകാരം ശമ്പളം ഏതെങ്കിലും കേഡറിൽ നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ നിയമനം ലഭിച്ച യൂണിവേഴസിറ്റിയിൽ വീണ്ടും അതേ കേഡറിൽ 28 A പ്രകാരമുള്ള ശമ്പളം നിജപ്പെടുത്തലിന് അർഹരല്ല. ഇതിനു വിരുദ്ധമായി ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ മുഖേന ഈ യൂണിവേഴ്സിറ്റിയിലേക്ക് വന്ന ശ്രീമതി എൻ. സരസ്വതി, സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ്, ശ്രീമതി അന്നമ്മ വർഗ്ഗീസ്, സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് എന്നിവർക്ക് തെറ്റായ രീതിയിൽ ശമ്പളം നിജപ്പെടുത്തിയതിനു കാരണം യഥാക്രമം 4,943 രൂപയും 5,800 രൂപയും അധികമായി നൽകിയിട്ടുണ്ട്. ഇതേ രീതിയിൽ തെറ്റായി നിർണ്ണയം ചെയ്തിട്ടുള്ള എല്ലാ ജീവനക്കാരുടേയും ശമ്പളം പുനരവലോകനം ചെയ്ത് പുതുക്കി നിശ്ചയിക്കേണ്ടതും കൂടുതൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII 2(i)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ 23-11-2006-ലെ സമിതി യോഗത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് ലഭ്യമാക്കിയ മറുപടി:—

യൂണിവേഴ്സിറ്റിയുടെ 27-1-2004-ലെ അക്കൗണ്ട്സ്/8/102/എൽ.എഫ്.എ. (1997-98)ആർ/01 കത്തുപ്രകാരം മറുപടി ലഭിച്ചിട്ടുണ്ട്.

46. 19-11-2002-ൽ കൂടിയ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ഈ വിഷയം പരിശോധിക്കുകയും, ശമ്പളം നിയമാനുസരണം പുനർനിർണ്ണയത്തിനും 2002 നവംബർ മുതൽ പ്രാബല്യം നൽകുന്നതിനും തീരുമാനിച്ചു. അതുവരെ നൽകിയ അധിക തുക തിരികെ ഈടാക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

47. അധികം നൽകിയ തുക തിരിച്ചുപിടിക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചത് സർവ്വകലാശാല സിൻഡിക്കേറ്റ് പരിഗണിച്ചു. സിൻഡിക്കേറ്റ് തീരുമാന തീയതി വരെയുള്ള അധികം നൽകിയ തുക തിരിച്ചുപിടിക്കേണ്ടെന്നും തീരുമാന തീയതി മുതലുള്ള അധിക തുക തിരിച്ചുപിടിക്കാനുമായിരുന്നു സിൻഡിക്കേറ്റ് തീരുമാനം. എന്നാൽ ഇത് സംബന്ധമായി ഫയൽ ചെയ്യപ്പെട്ട പരാതിയിൽ ബഹുമാന പ്പെട്ട കേരള ഹൈക്കോടതി, കേസ് അന്തിമമായി തീർപ്പാക്കുന്നതുവരെ പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനം സ്റ്റേ ചെയ്തു.

(ഓഡിറ്റ് ഖണ്ഡികയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാറുടെ 17-11-2006-ലെ രജിസ്ട്രാർ/2/2006/നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി)

## നിഗമനങ്ങൾ/ശുപാർശകൾ

48. ഹൈക്കോടതി വിധി അനുസരിച്ച് തടസ്സം തീർപ്പാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഇൻകം-ടാക്സ് ഇനത്തിൽ പിഴപ്പലിശയായി നൽകിയ തുക യൂണിവേഴ്സിറ്റി ഫണ്ടിന് നഷ്ടപ്പെട്ടു**

7/2000 മുതൽ 12/2000 വരെയുള്ള ശമ്പള ബില്ലിൽ നിന്നും കോൺട്രാക്ട് പേമെന്റുകളിൽ നിന്നും പിടിച്ച ഇൻകംടാക്സ് തുക കൃത്യസമയത്ത് അടയ്ക്കാതെ യൂണിവേഴ്സിറ്റി ഫണ്ടിൽത്തന്നെ സൂക്ഷിച്ചിരുന്നത് കാരണം പിഴപ്പലിശയായി 81,963 രൂപ അധികം അടയ്ക്കേണ്ടി വന്നിട്ടുണ്ട്. ടി തുക ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥ നിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.2.(ii)]

ഓഡിറ്റ് ഖണ്ഡിക

**ആദായ നികുതി യഥാസമയം ഒടുക്കാത്തതിനാൽ പിഴപ്പലിശ അടയ്ക്കേണ്ടി വന്നു**

7/2000 മുതൽ 12/2000 വരെയുള്ള കാലയളവിൽ ശമ്പള ബില്ലുകളിൽ നിന്നും 18-12-2000 മുതൽ 22-2-2001 വരെയുള്ള മരാമത്ത് പണികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ ആദായ നികുതി യഥാസമയം ഒടുക്കാതിരുന്നതുമൂലം 81,963

രൂപ യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും പിഴപ്പലിശയിനത്തിൽ അടയ്ക്കേണ്ടിവന്നിട്ടുണ്ട്. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുവാനുള്ള നടപടികൾ എടുത്തതായി കാണുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക IV.1.(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാറുടെ 17-11-2006-ലെ രജിസ്ട്രാർ/2/2006 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി:—

49. ആദായ നികുതി ഓഫീസർ, കോട്ടയം നടത്തിയ തെറ്റായ അസസ്മെന്റ് പ്രകാരമാണ് പിഴപ്പലിശ ആവശ്യപ്പെട്ടത്. സർവ്വകലാശാല ഇതിനെ എതിർത്തെങ്കിലും അദ്ദേഹം ഏകപക്ഷീയമായി സർവ്വകലാശാലയ്ക്കെതിരെ റിക്കവറി നടപടികളുമായി മുന്നോട്ടുപോകുകയാണ് ചെയ്തത്. പിഴ അടച്ചില്ലെങ്കിൽ സർവ്വകലാശാലയുടെ ബാങ്ക് അക്കൗണ്ടുകൾപോലും മരവിപ്പിക്കുമെന്ന് ഭീഷണിയുണ്ടായ സാഹചര്യത്തിൽ ഈ തുക അടയ്ക്കുവാൻ സർവ്വകലാശാല നിർബന്ധിതമാവുകയാണുണ്ടായത്. ആദായ നികുതി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ പുനഃപരിശോധനയ്ക്കായി ഈ വിഷയം സമർപ്പിച്ചിട്ടുണ്ട്. അടച്ച തുക സർവ്വകലാശാലയ്ക്ക് തിരികെ ലഭിക്കുമെന്ന് പ്രതിക്ഷിക്കുന്നു.

50. ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്ന ആദായ നികുതി കൃത്യസമയത്ത് അടയ്ക്കാത്തതുമൂലം 81,963 രൂപ യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്ന് പിഴപ്പലിശ നൽകേണ്ടിവന്നുയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി സർവ്വകലാശാലയുടെ അഭിപ്രായം ആരാഞ്ഞു.

51. രണ്ടായിരത്തോളം ജീവനക്കാർ ഉള്ള യൂണിവേഴ്സിറ്റിയിൽ നല്ലൊരു ശതമാനം പേരും ആദായ നികുതി അടയ്ക്കുന്നവരാണെന്നും ശമ്പളത്തിൽ നിന്നും ടാക്സ് ഈടാക്കിയാൽ നിയമപ്രകാരം ഏഴ് ദിവസത്തിനകം അത് അടയ്ക്കണമെന്നാണ് വ്യവസ്ഥയെങ്കിലും യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാത്തതിനാൽ എല്ലാം മാന്വലായി ചെയ്യേണ്ടിവരുന്നതുമൂലം ഇത് പലപ്പോഴും സാധിക്കാറില്ല എന്ന് ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. പിഴപ്പലിശ നൽകേണ്ടി വന്നതിനെതിരെ ഇൻകം ടാക്സ് അസിസ്റ്റന്റ് കമ്മീഷണർക്ക് റിവ്യൂ അപേക്ഷ നൽകിയിട്ടുണ്ടെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

52. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ കൂടുതൽ വിവരങ്ങൾ ആരായുന്നതിനായി സമിതി വീണ്ടും ഒരു തെളിവെടുപ്പു നടത്തുകയുണ്ടായി. ജീവനക്കാരുടെ ആദായ നികുതിയിനത്തിൽ ഒടുക്കുവാനുള്ള തുക യഥാസമയം അടയ്ക്കാത്തതുമൂലം വന്നുപോയ വീഴ്ചകളിന്മേൽ എന്തു തീരുമാനമായെന്നും ആദായ നികുതി യഥാസമയം ഒടുക്കാത്തതിനാൽ നൽകേണ്ടിവന്ന തുക തിരികെ ലഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും സമിതി ആരാഞ്ഞതിന് ഇൻകം ടാക്സ് ഓഫീസിൽ ഇതു സംബന്ധിച്ച അപേക്ഷ നൽകിയിട്ടുണ്ടെന്നും പലതവണ സമീപിച്ചിട്ടും നേരിട്ട് ഓഫീസുമായി ബന്ധപ്പെട്ടിട്ടും അപേക്ഷയിന്മേൽ അനുകൂലമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. രണ്ടായിരത്തി

ലധികം ജീവനക്കാർ യൂണിവേഴ്സിറ്റിയുടെ പല സെന്ററുകളിലായി ജോലി നോക്കുന്നുണ്ടെന്നും പല സെന്ററുകളിലായി ടാക്സ് കുറച്ച് സ്റ്റേറ്റ്മെന്റ് അയച്ചു തരുന്ന പതിവായിരുന്നതിനാലും കമ്പ്യൂട്ടർ സംവിധാനം ഇല്ലാത്തതിനാലും എല്ലാ ജീവനക്കാരുടെയും ശമ്പള വിവരങ്ങൾ ക്രോഡീകരിച്ചത് ടാക്സ് കണക്കാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെന്നും എന്നാൽ ഇപ്പോൾ എല്ലാം സ്ട്രീം ലൈൻ ചെയ്ത് ഒരു പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഫൈനാൻസ് ഓഫീസർ അറിയിച്ചു. കൂടാതെ സെൽഫ് ഡ്രോയിംഗ് ഓഫീസർ മാത്രമല്ല മൊത്തം സ്റ്റാഫിന്റെയും കോൺട്രാക്ടേഴ്സിന്റെയും ബില്ലുകളിൽ നിന്നും ടാക്സ് കുറവ് ചെയ്യുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എത്ര രൂപയാണ് പിഴപ്പലിശയായി അടയ്ക്കേണ്ടതെന്ന് സമിതിയുടെ ചോദ്യത്തിന് 81,963 രൂപയുണ്ടെന്ന് ഫൈനാൻസ് ഓഫീസർ കൂട്ടിച്ചേർത്തു.

## നിഗമനങ്ങൾ /ശുപാർശകൾ

53. ഉദ്യോഗസ്ഥരിൽ നിന്ന് ടാക്സ് പിരിച്ചശേഷം ആദായ നികുതി അടയ്ക്കാതെ കാലവിളംബം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. യൂണിവേഴ്സിറ്റി എന്നു പറയുന്നത് ഇൻകം ടാക്സ് പേയി അല്ലായെന്നും ഓരോ വ്യക്തിയുമാണ് ഇൻകം ടാക്സ് അടയ്ക്കേണ്ടതെന്നും യൂണിവേഴ്സിറ്റി ഫണ്ടുപയോഗിച്ച് ഇൻകം ടാക്സ് പെനാൽറ്റി അടയ്ക്കുന്നത് ശരിയായ നടപടിയല്ലെന്നും പ്രസ്തുത തുക അടയ്ക്കാത്തതിന് ഉത്തരവാദി അന്നത്തെ ധനകാര്യ വിഭാഗത്തിന്റെ ചാർജ്ജു വഹിച്ചിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥനാണെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രോവിഡന്റ് ഫണ്ട് പിടിക്കുന്നത് കൃത്യസമയത്ത് അടച്ചില്ലെങ്കിൽ പ്രോവിഡന്റ് ഫണ്ട് ആക്ട് അനുസരിച്ച് മിസ് അപ്രോപ്രിയേഷന് കേസ് എടുക്കുന്നതുപോലെ ഇൻകം ടാക്സും കൃത്യസമയത്ത് അടച്ചില്ലെങ്കിൽ നടപടി സ്വീകരിക്കാമെന്നും സമിതി ചൂണ്ടിക്കാട്ടി. കൃത്യ നിർവ്വഹണത്തിൽ ഉദ്യോഗസ്ഥർ വരുത്തിയിരിക്കുന്ന വീഴ്ചയ്ക്കും കാലതാമസത്തിനും യൂണിവേഴ്സിറ്റിക്ക് നേരിട്ട് ബാദ്ധ്യതയില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥനാണ് ഉത്തരവാദി എന്നതിനാൽ, നിയമപ്രകാരം അന്നത്തെ ഫൈനാൻസ് ഓഫീസർക്കാണ് ഇതിന്റെ ബാദ്ധ്യതയെന്നും ഈ ഇനത്തിൽ യൂണിവേഴ്സിറ്റിക്ക് ഉണ്ടായതായ 81,963 രൂപയുടെ നഷ്ടം അന്നത്തെ ഫൈനാൻസ് ഓഫീസറിൽ നിന്നുതന്നെ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ലൈബ്രറി പുസ്തകങ്ങൾ വാങ്ങിയതിലെ അപാകതകൾ**

സ്ക്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് ഡിപ്പാർട്ട്മെന്റിലെ ലൈബ്രറിയിലേക്ക് ബാംഗ്ളൂരിലുള്ള മെമ്പേഴ്സ് എം.പി.പി. ഹൗസിൽ നിന്നും വാങ്ങിയിട്ടുള്ള റഫറൻസ് ബുക്കുകൾ യഥാർത്ഥത്തിലുള്ള വിലയേക്കാൾ കൂടുതൽ വില നൽകി വാങ്ങിയിരിക്കുന്നതായി ആഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. 15 ബുക്കുകളുടെ വിലയിൽ മാത്രം ഇപ്രകാരം 15,178 രൂപയുടെ വ്യത്യാസം കാണുന്നു. ടി സ്ഥാപനത്തിൽ നിന്നും 1990 മുതൽ ഈ ഡിപ്പാർട്ട്മെന്റിന് ബുക്കുകൾ സപ്ളൈ

ചെയ്തു വരുന്നതിനാൽ അതിഭീമമായ തുക യൂണിവേഴ്സിറ്റിക്കു നഷ്ടപ്പെട്ടതായി വ്യക്തമായിട്ടുണ്ട്. ഈ ഇടപാടുകളെപ്പറ്റി വിശദമായി പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2001-2002-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.2.(V)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാറുടെ 17-11-2006-ലെ രജിസ്ട്രാർ/2/2006 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി:—

54. യഥാർത്ഥത്തിലുള്ള വിലയേക്കാൾ കൂടുതൽ വില നൽകി സ്ക്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിൽ പുസ്തകങ്ങൾ വാങ്ങിയിട്ടില്ല. എം.പി.പി. ബുക്ക് ഹൗസ്, ബാംഗ്ളൂർ, സ്ക്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിലേയ്ക്കാവശ്യമുള്ള പ്രത്യേക പുസ്തകങ്ങളുടെ പ്രധാന വിതരണക്കാരാണ്. ഈ പുസ്തകങ്ങൾ വാങ്ങുന്നതിലേക്കായി ബുക്ക് പർചേസ് കമ്മിറ്റിയുടെ അനുമതി ലഭിച്ചിട്ടുള്ളതും വിലയിൽ 20 ശതമാനം വരെ കിഴിവ് ലഭിച്ചിട്ടുള്ളതുമാണ്.

### നിഗമനങ്ങൾ/ശുപാർശകൾ

55. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് വേണ്ടെന്ന് വി.സി ; ലക്ഷങ്ങളുടെ ചെലവിന് പരിശോധനയില്ല**

മഹാത്മാഗാന്ധി സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കാണേണ്ടതില്ലെന്ന് വൈസ് ചാൻസലറുടെ ഉത്തരവ് കെ.എസ്.ആറിനും സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമായതിനാൽ ഉത്തരവിൻ പ്രകാരം ലക്ഷങ്ങളുടെ ചെലവ് വർഷങ്ങളായി ഓഡിറ്റ് ചെയ്യപ്പെടാതെ പോകുന്നു.

2001 ജൂൺ 19-നാണ് അന്നത്തെ വി.സി. പെൻഷൻ പേപ്പറുകൾ ഓഡിറ്റിന് അയയ്ക്കേണ്ടെന്ന് ഉത്തരവിട്ടത്. ഇതോടെ വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ഫയലുകൾ സർവ്വകലാശാല ധനവിഭാഗം മാത്രം പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നു. ഉത്തരവ് ഇറങ്ങുന്നതിന് മുമ്പു വരെ പെൻഷൻ പേപ്പറുകൾ ഓഡിറ്റ് വിഭാഗം പരിശോധിച്ച് റിപ്പോർട്ട് നൽകിയിരുന്നു.

വി.സി. യുടെ ഉത്തരവ് കെ.എസ്.ആർ. പാർട്ട് മൂന്ന്-109 മുതൽ 115 വരെയുള്ള ചട്ടങ്ങളേയും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 23888/ബി4/86 തീയതി 24-11-1996, 3076/ബി.4/96 തീയതി 4-3-1996 എന്നീ ഉത്തരവുകൾക്കും വിരുദ്ധമാണെന്ന് ഉത്തരവ് ഇറങ്ങിയപ്പോൾ തന്നെ ഓഡിറ്റ് വിഭാഗം സർവ്വകലാശാലയേയും സർക്കാരിനേയും അറിയിച്ചിരുന്നു. എന്നാൽ നടപടിയുണ്ടായില്ല.

വി.സി.യുടെ ഉത്തരവ് ഇറങ്ങിയശേഷം ഓരോ മാസവും നിരവധി ജീവനക്കാർ വിരമിക്കുന്നുണ്ടെങ്കിലും ഇവരുടെ പെൻഷൻ ഫയലുകൾ ഓഡിറ്റിന് ലഭിക്കാറില്ല. പെൻഷൻ ആനുകൂല്യങ്ങളായി ലക്ഷങ്ങളാണ് ഇവർക്ക് നൽകുന്നത്. ആനുകൂല്യങ്ങൾ സർവ്വീസ് നിയമങ്ങൾക്ക് നിരക്കുന്നതാണോയെന്ന പരിശോധന ഇവയിലൊന്നും നടക്കുന്നില്ല. ക്രമക്കേടുകളും അപാകതകളും വ്യാപകമാകാൻ ഇത് ഇടയാക്കിയേക്കും.

സ്റ്റ്യാറ്റ്യൂട്ടറി ഓഡിറ്റ് ഏജൻസിയോടുള്ള സർവ്വകലാശാലയുടെ നിയമവിരുദ്ധ നടപടിക്ക് എതിരെ സർക്കാർ ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 5.1.1]

പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് യൂണിവേഴ്സിറ്റിയുടെ മറുപടി ലഭ്യമായിട്ടില്ല

56. യൂണിവേഴ്സിറ്റി ജീവനക്കാരുടെ പെൻഷൻ ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കാണേണ്ടതില്ലെന്ന വൈസ് ചാൻസലറുടെ ഉത്തരവ് കെ.എസ്. ആർ.-നും സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമല്ലേയെന്ന സമിതിയുടെ ചോദ്യത്തിന്, പ്രീ ആഡിറ്റ് യൂണിവേഴ്സിറ്റി നടത്തിയാൽ മതിയെന്നും പോസ്റ്റ് ഓഡിറ്റ് മാത്രം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയാൽ മതിയെന്നുമാണ് വൈസ് ചാൻസലറുടെ ഉത്തരവിലുളളതെന്ന് ഫൈനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. പ്രീ ആഡിറ്റിന് താമസം വരുന്നതുകൊണ്ട് പെൻഷൻ ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വഴി റൂട്ട് ചെയ്യേണ്ട എന്നായിരിക്കാം പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ളതെന്നും, ഇതു ഒന്നുകൂടി വ്യക്തമാക്കേണ്ടതാണെന്നും ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

57. ജീവനക്കാർ പെൻഷൻ ആകുന്നതിന് ഒരു വർഷം മുൻപുതന്നെ ആ ജീവനക്കാരന്റെ ശമ്പളം തിട്ടപ്പെടുത്തിയതിൽ എന്തെങ്കിലും പിശകോ ഏതെങ്കിലും തരത്തിലുള്ള ഓഡിറ്റ് തടസ്സങ്ങളോ ഉണ്ടോയെന്നുള്ള പരിശോധന ആരംഭിച്ചിരിക്കും. എന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ അവ കണ്ടെത്തുന്നതിന് അത് അത്യാവശ്യമാണ്. എന്നാൽ ഇക്കാര്യത്തിനായി യൂണിവേഴ്സിറ്റിയിൽ നിന്ന് ഫയലുകൾ നൽകുന്നില്ലെന്നും ജീവനക്കാരൻ പെൻഷനായ ശേഷം നടത്തുന്ന പോസ്റ്റ് ഓഡിറ്റിൽ ശമ്പള ഫിക്സേഷനിൽ എന്തെങ്കിലും തെറ്റുകൾ കണ്ടെത്തിയാൽ പെൻഷണറിൽ നിന്നും അധികം നൽകിയ തുക തിരികെ പിടിക്കാൻ പ്രയാസമായിരിക്കുമെന്നും ആയതിനാൽ ജീവനക്കാരൻ പെൻഷനാകുന്ന തീയതിക്ക് ഒരു വർഷം മുൻപ് തന്നെ ഇത്തരം പരിശോധനകൾ ആരംഭിച്ചാൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് യാതൊരു താമസവും പെൻഷണർക്ക് ഉണ്ടാകുകയില്ലായെന്നും സമിതി അഭിപ്രായപ്പെട്ടു.

58. ഇക്കാര്യത്തിലുള്ള സമിതിയുടെ അഭിപ്രായം സിൻഡിക്കേറ്റിനെ അറിയിക്കാമെന്നും നിലവിലുള്ള രീതി മാറ്റുന്നതിന് നടപടി സ്വീകരിക്കാമെന്നും എം.ജി. സർവ്വകലാശാല രജിസ്ട്രാർ സമിതിക്ക് ഉറപ്പ് നൽകി.

59. പെൻഷന്റെ ഫയലൊന്നും നൽകാറില്ലെന്നും പെൻഷൻ ആനുകൂല്യങ്ങൾ മാത്രമല്ല ശമ്പള ഫിക്സേഷന്റെ രേഖകളോ സർവ്വീസ് ബുക്കുകളോ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് ഹാജരാക്കാറില്ലെന്നും റിട്ടയർമെന്റ് സമയത്ത് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല പെൻഷൻ അനുവദിക്കുന്നതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. സർക്കാർ സർവ്വീസിൽ എ.ജി. പരിശോധിക്കുന്നതുപോലെ യൂണിവേഴ്സിറ്റിയിലെ ജീവനക്കാരുടെ പെൻഷൻ ഫിക്സേഷൻ രേഖകൾ സർവ്വീസ് ബുക്ക് സഹിതം ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനു പകരം നിലവിൽ യൂണിവേഴ്സിറ്റിയിൽ തന്നെ

ഏകപക്ഷീയമായി ഇതൊക്കെ ചെയ്യുകയാണെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു. പെൻഷൻ ഫിക്സേഷൻ നടത്തിയശേഷം എല്ലാ ഫിക്സേഷന്റേയും ഓരോ കോപ്പി ഓഡിറ്റിന് കൊടുക്കാറുണ്ടെന്നും ഓഡിറ്റിൽ നിന്ന് ഏതു ഫയൽ ആവശ്യപ്പെട്ടാലും അതു പരിശോധനയ്ക്ക് നൽകാറുണ്ടെന്നും ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

60. പെൻഷൻ നിർണ്ണയിച്ചതിൽ അപാകതകൾ കടന്നുകൂടിയിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ഫയലുകൾ നിശ്ചിത സമയത്തിനകം ഓഡിറ്റിന് നൽകണമെന്ന് ഫൈനാൻസ് ഓഫീസറോട് സമിതി ആവശ്യപ്പെട്ടു.

61. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാരുടെ പെൻഷൻ പേപ്പറുകളുടെ പരിശോധനയെ സംബന്ധിച്ച് വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവും അനുബന്ധരേഖകളും ഹാജരാക്കണമെന്ന് 23-11-2006-ൽ കൂടിയ സമിതി യോഗം ആവശ്യപ്പെട്ട പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും 12-12-2006-ലെ എൽ.എഫ്.20192/സ്പെ.സെൽ.(ജി1)/2006 നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു :

"മഹാത്മാഗാന്ധി സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പേപ്പറുകൾ 2001 വർഷം വരെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ പരിശോധിച്ച് റിപ്പോർട്ട് നൽകി വന്നിരുന്നതായും എന്നാൽ 19-6-2001-ൽ അന്നത്തെ വൈസ് ചാൻസലർ പെൻഷൻ പേപ്പറുകൾ യൂണിവേഴ്സിറ്റിയുടെ ഫൈനാൻസ് വിഭാഗം മാത്രം പരിശോധിച്ചാൽ മതിയെന്ന് ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പേപ്പറുകൾ ഓഡിറ്റ് ഓഫീസിലേക്ക് അയയ്ക്കുന്നത് നിർത്തലാക്കിയതായും മഹാത്മാഗാന്ധി സർവ്വകലാശാല ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കുന്നു. ഈ നടപടി കെ.എസ്.ആർ. പാർട്ട് III, 109 മുതൽ 115 വരെയുള്ള ചട്ടങ്ങൾക്കും 24-11-1986-ലെ 23888/ബി4/96/ഉന്ന.വിദ്യാ. നമ്പരിലും 4-3-1996-ലെ 3076/ബി4/96/ഉന്ന.വിദ്യാ. നമ്പരിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. ആയതിനാൽ പെൻഷൻ പേപ്പറുകൾ നിയമപ്രകാരമുള്ള വെരിഫിക്കേഷൻ റിപ്പോർട്ടിനായി ഓഡിറ്റ് വകുപ്പിന് നൽകുന്നതിന് ശക്തമായ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ച് 8-8-2005-ൽ എൽ.എഫ്.11877/ആർ.1/2005 നമ്പരായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് ഈ ഓഫീസിൽ നിന്ന് കത്ത് നൽകിയിട്ടുള്ളതാണ്."

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞ ജീവനക്കാരുടെ പെൻഷൻ നിർണ്ണയം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും പെൻഷൻ നിർണ്ണയത്തിൽ ഉണ്ടായ അപാകതകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് താഴെപ്പറയും പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(1) പെൻഷൻ ഫയലുകൾ മിക്കതും അപൂർണ്ണമായിരുന്നു. സർവ്വീസ് ബുക്കുകളും, തസ്തികകളുടെ അപ്ഗ്രഡേഷൻ, ശമ്പളസ്കെയിലുകൾ, പ്രൊമോഷൻ അനുബന്ധിച്ചുള്ള ശമ്പളം തിട്ടപ്പെടുത്തൽ, ജൂനിയർ സീനിയർ അനോമലി പരിഹരിച്ചുകൊണ്ടുള്ള ശമ്പള പുനർനിർണ്ണയം എന്നിവ സംബന്ധിച്ച ഉത്തരവുകളും ബന്ധപ്പെട്ട ഫയലിൽ ലഭ്യമായിരു

ന്നില്ല. സർക്കാർ സർവ്വീസിലെ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ സൂക്ഷിക്കുന്നതുപോലെയുള്ള എൻടൈറ്റിൽമെന്റ് രജിസ്റ്റർ യൂണിവേഴ്സിറ്റിയിലെ ജീവനക്കാർക്ക് നിർബന്ധമാക്കിയിട്ടില്ല. യു.ജി.സി. അനുസരിച്ചുള്ള ശമ്പള പരിഷ്ക്കരണം നിലവിൽ വന്ന 1-1-1986 മുതൽ 1-1-1996 വരെയുള്ള കാലയളവിൽ അദ്ധ്യാപകരുടെ ശമ്പളം പുനർനിർണ്ണയിച്ചതിൽ 12-6-2006-ലെ നം: 12774/ബി4/06/ഉ.വി.വ. സർക്കാർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം നേടിയില്ല. സർക്കാർ ജീവനക്കാർക്ക് നൽകിയ ശമ്പള പരിഷ്ക്കരണം യൂണിവേഴ്സിറ്റിയിലെ അനദ്ധ്യാപകർക്കും ബാധകമാക്കിക്കൊണ്ട് 12-2-2006-ലെ ജി.ഒ.(പി)/62/2006/ഹയർ എഡ്യൂ. വകുപ്പ് പ്രകാരം യൂണിവേഴ്സിറ്റിയിലെ അനദ്ധ്യാപകർക്കും ബാധകമാക്കി. ഇതനുസരിച്ച് ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്ക് യഥാക്രമം 20700-26600, 16650-23200 എന്നീ ശമ്പള സ്കെയിലായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ ഇതിൽ നിന്നും വിപരീതമായി യൂണിവേഴ്സിറ്റി അനുവദിച്ചത് ഇതിലും ഉയർന്ന സ്കെയിലായ 23200-31150, 20700-26600 എന്നിവയാണ്. അതുപോലെതന്നെ അസിസ്റ്റന്റ് രജിസ്ട്രാർക്ക് 2:1 അനുപാതത്തിൽ ഹയർഗ്രേഡും നൽകുകയുണ്ടായി. ഇതിന് ഗവൺമെന്റിന്റെ അംഗീകാരം ഉണ്ടായിരുന്നില്ല.

(2) പെൻഷൻ ആനുകൂല്യങ്ങൾ അനുവദനീയമല്ലാത്ത സ്പെഷ്യൽ പേ കൂടെ കണക്കാക്കി പെൻഷൻ ആനുകൂല്യങ്ങൾ നൽകി.

(3) പേഴ്സണൽ ആനുകൂല്യങ്ങൾ നൽകുന്നതിന് സ്പെഷ്യൽ പേ പരിഗണിക്കുക, ശൂന്യവേതന അവധിക്കാലംകൂടി ഇൻക്രിമെന്റ് നൽകുന്നതിന് കണക്കാക്കുക, തെറ്റായ രീതിയിൽ റീഫിക്സേഷൻ നടത്തുക, ഗവൺമെന്റിന്റെ അംഗീകാരമില്ലാതെയും സിൻഡിക്കേറ്റിന്റെ തീരുമാനമില്ലാതെയും ഹയർഗ്രേഡ് പ്രൊമോഷൻ അനുവദിക്കുക, നിലവിലുള്ള ഓർഡിനൻസ് വിരുദ്ധമായി ശമ്പള സ്കെയിലുകൾ, ഗ്രേഡ് പ്രൊമോഷൻ എന്നിവ അനുവദിക്കുക, അന്തർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറുകളിൽ തെറ്റായി ശമ്പളം തിട്ടപ്പെടുത്തി നൽകിയതുമൂലം അധികനിരക്കിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുക, അനർഹമായി ഇൻക്രിമെന്റ് നൽകിയതുമൂലം ശമ്പളവും പിന്നീട് പെൻഷൻ ആനുകൂല്യങ്ങളും നൽകുക, ചട്ടവിരുദ്ധമായ നിയമനം നടത്തുക മുതലായ അപാകതകൾ പ്രസ്തുത കത്തു മുഖേന ലഭ്യമാക്കിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

62. യൂണിവേഴ്സിറ്റിയിൽ നിന്ന് പെൻഷൻ പറ്റി പിരിയുന്ന ജീവനക്കാരുടെ സർവ്വീസ് ബുക്കുകളും പെൻഷൻ ഫയലുകളും പ്രീ ഓഡിറ്റിന് നൽകാത്തതുമൂലം സർവ്വകലാശാല തെറ്റായി നൽകിയ പെൻഷൻ ആനുകൂല്യങ്ങൾ അവ കൈപ്പറ്റിപ്പിരിയുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നത് യൂണിവേഴ്സിറ്റിക്കും അതുപോലെ

തന്നെ പ്രസ്തുത ഉദ്യോഗസ്ഥർക്കും ബുദ്ധിമുട്ടുണ്ടാക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രീ ഓഡിറ്റ് വേണ്ടെന്ന് വൈസ് ചാൻസലർ തീരുമാനമെടുക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് സമിതിക്ക് വ്യക്തമല്ല. സർക്കാർ ഉദ്യോഗസ്ഥൻ പെൻഷനാകുമ്പോൾ അവരുടെ സർവ്വീസ് ബുക്കുകൾ അക്കൗണ്ടന്റ് ജനറലിന് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടെന്ന വസ്തുത സമിതി ചൂണ്ടിക്കാട്ടി. കഴിഞ്ഞ രണ്ടു വർഷത്തിനകം പെൻഷൻ പറ്റിയ ജീവനക്കാരുടെ ശമ്പള ഫിക്സേഷൻ, ഗ്രേഡ് നിർണ്ണയം, പെൻഷൻ നിർണ്ണയം ഇവ പരിശോധിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിച്ചതുപ്രകാരം ആയത് പരിശോധിച്ചതിൽ ഏതാനും ജീവനക്കാരുടെ സർവ്വീസ് ബുക്കുകൾ, പോസ്റ്റുകളുടെ അപ്ഗ്രഡേഷനെ സംബന്ധിച്ച ഓർഡറുകൾ, ശമ്പളം, പ്രമോഷൻ മുഖേനയുള്ള ഫിക്സേഷൻ, ജൂനിയർ സീനിയർ ഫിക്സേഷൻ എന്നിവ സംബന്ധിച്ച ഫയലുകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയില്ലായെന്ന് അറിയിക്കുകയുണ്ടായി. കൂടാതെ നിയമവിരുദ്ധമായി പ്രമോഷൻ നൽകിയതിലും പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് പ്രമോഷൻ നൽകിയതിലും, റേഷ്യോ പ്രമോഷൻ നൽകിയതിലും ജൂനിയർ സീനിയർ അനോമലി പരിഹരിച്ചതിലും ഹയർ ഗ്രേഡ് നൽകിയതിലും റീഫിക്സേഷൻ, ശമ്പള നിർണ്ണയം, ഇൻക്രിമെന്റ് എന്നിവ നൽകിയതിലും അപാകതകൾ കണ്ടെത്തിയതായി സമിതി മനസ്സിലാക്കുന്നു.

63. ആയതിനാൽ യൂണിവേഴ്സിറ്റിയിൽ നിന്ന് പെൻഷൻ പറ്റുന്ന എല്ലാ ജീവനക്കാരുടെയും സർവ്വീസ് ബുക്കുകൾ, പെൻഷൻ ഫയലുകൾ എന്നിവ നിർബന്ധമായും പ്രീ ഓഡിറ്റിന് വിധേയമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

64. സർക്കാർ സർവ്വീസിലെ ഗസറ്റഡ് ജീവനക്കാരുടെ Entitlement Register അക്കൗണ്ടന്റ് ജനറൽ സൂക്ഷിക്കുന്നപോലെ യൂണിവേഴ്സിറ്റിയിലെ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും Entitlement Register സൂക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. സമിതിയുടെ നിർദ്ദേശപ്രകാരം, കഴിഞ്ഞ രണ്ടു വർഷത്തിനകം പെൻഷനായവരുടെ പെൻഷൻ ഫയലുകൾ, സർവ്വീസ് ബുക്കുകൾ എന്നിവ ഓഡിറ്റ് നടത്തിയതിൽ കണ്ടുപിടിക്കപ്പെട്ട അപാകതകൾ എത്രയും വേഗം പരിഹരിച്ച് ഈടാക്കേണ്ട തുകകൾ ഈടാക്കി ആയതിന്റെ വിശദവിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

എൻ. അനിരുദ്ധൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2008, ജൂൺ 26.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മഹാത്മാഗാന്ധി സർവ്വകലാശാല | 8 | ആയതിനാൽ അനധികൃതവും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥയെ ലംഘിച്ചുകൊണ്ടുമുള്ള പ്രസ്തുത നിയമനത്തിലൂടെ യൂണിവേഴ്സിറ്റിക്കുണ്ടായ സാമ്പത്തിക ബാദ്ധ്യത മുഴുവൻ ഇതിനുത്തര വാദിയായവരിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കണമെന്നും ഇവരുടെ മേൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും കൂടാതെ ഗവൺമെന്റിന്റെ അനുമതിയില്ലാതെ സൃഷ്ടിച്ചതും ഇപ്പോഴും തുടരുന്നതുമായ 3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരുടെ തസ്തികകൾ നിർത്തലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 2 | ,, | 15 | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസെറ്റ്സ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല എന്ന യൂണിവേഴ്സിറ്റി ഫൈനാൻസ് ഓഫീസറുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഇത്രയും വലിയൊരു സ്ഥാപനത്തിന്റെ അസെറ്റ്സ് എത്രയാണെന്ന് പറയാൻ കഴിയാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി. അക്കൗണ്ടിംഗ് സിസ്റ്റത്തിന് അനിവാര്യമായ ഒരു നടപടി ക്രമമാണ് റീകൺസിലിയേഷൻ എന്നിരിക്കെ റീകൺസിലിയേഷൻ നടത്താതെ നിലവിലുള്ള രീതി തുടർന്നാൽ അത് സർവ്വകലാശാലയുടെ അക്കൗണ്ടിംഗിനെ തന്നെ സാരമായി ബാധിക്കുമെന്നും ഭാവിയിൽ ഉദ്യോഗസ്ഥർക്ക് വൻസാമ്പത്തിക ബാദ്ധ്യത ഉണ്ടാകാനുള്ള സാഹചര്യം സൃഷ്ടിക്കുമെന്നും സമിതി ചൂണ്ടിക്കാട്ടി. അക്കൗണ്ടിംഗ് സിസ്റ്റത്തിൽ മാറ്റം വരുത്തുന്നതിന് ഫിനാൻസ് വിംഗാണ് നിർദ്ദേശം വയ്ക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ സമയബന്ധിത |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മായി മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ധനകാര്യവിഭാഗം അക്കൗണ്ട്സ് റൂൾസ് തയ്യാറാക്കണമെന്നും സിംഗിൾ എൻട്രി സിസ്റ്റത്തിൽ നിന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് അക്കൗണ്ടിംഗ് രീതി മാറ്റുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | മഹാത്മാഗാന്ധി സർവ്വകലാശാല | 20 | ആയതിനാൽ സർവ്വകലാശാലയുടെ ക്രമവിരുദ്ധമായ പ്രസ്തുത നടപടിമൂലം 48,810 രൂപയുടെ പാഴ്ചെലവ് സർവ്വകലാശാലയ്ക്ക് ഉണ്ടായതായി സമിതി വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തെത്തുടർന്ന് പിൻവലിക്കപ്പെട്ട ഫോണുകൾ 10 വർഷം പഴക്കമുള്ള മോഡലായതിനാൽ ലേലം ചെയ്തുകൊടുക്കുകയോ വിൽക്കുകയോ ചെയ്യുവാൻ സാധിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത മൊബൈൽ ഫോണുകൾ സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രായോഗിക പഠനത്തിനായി നൽകുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | ,, | 23 | നിലവിലുണ്ടായിരുന്ന നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ എച്ച്.ആർ.എ. നൽകുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതു മാനദണ്ഡമനുസരിച്ചാണ് നൽകിയതെന്നുമുള്ള വിവരം അറിയിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലെങ്കിൽ അധികമായി നൽകിയ വീട്ടുവാടക അലവൻസ് ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | മഹാത്മാഗാന്ധി സർവ്വകലാശാല | 28 | രഹസ്യ ചെലവുകൾ ഓഡിറ്റ് ചെയ്യുന്നതു സംബന്ധിച്ച് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലെന്നും എം.ജി യൂണിവേഴ്സിറ്റിയിൽ പരീക്ഷാ കൺട്രോളർ നടത്തുന്ന ചെലവുകളുടെ വൗച്ച റുകൾ വൈസ് ചാൻസലർക്ക് കൊടുക്കുന്ന തല്ലാതെ വൈസ് ചാൻസലർ സാക്ഷ്യപത്രം നൽകുന്നതായി രേഖകളില്ല എന്നും സമിതി മനസ്സിലാക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് വാല്യം II അദ്ധ്യായം 5, 103-ാം ആർട്ടിക്കിളിലെ വ്യവസ്ഥ അനുസരിച്ച് ഗവൺമെന്റ് വകുപ്പുകളുടെ രഹസ്യ ചെലവു കളുടെ കണക്കുകൾ ഓഡിറ്റിനു വിധേയ മാക്കേണ്ടതില്ല, എന്നാൽ ഈ കണക്കുകൾ ഭരണവകുപ്പ് നിയോഗിക്കുന്ന ഒരു കൺട്രോളിംഗ് ഓഫീസർ ആഡിറ്റ് നടത്തി സാക്ഷ്യപത്രം നൽകേണ്ടതായിട്ടുണ്ട്. ആയതി നാൽ സർവ്വകലാശാലകളുടെ രഹസ്യചെലവു കൾ വൈസ് ചാൻസലർ പരിശോധിച്ച് ധന വിനിയോഗം സാക്ഷ്യപ്പെടുത്തേണ്ടതും സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതു മാണ് എന്ന് വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 6 | ,, | 34 | അമൂല്യവും അപൂർവ്വവുമായ പുസ്തശേഖരം ഏതൊരു ലൈബ്രറിയുടെയും അഭിമാനമാണ്. അപ്രകാരമുള്ള ശേഖരത്തിൽ നിന്ന് പുസ്തക ങ്ങൾ നഷ്ടപ്പെടുക എന്നത് ലാഘവബുദ്ധി യോടെ കാണേണ്ട കാര്യമല്ല എന്നു സമിതി ചൂണ്ടിക്കാട്ടുന്നു. 1993 മുതൽ 1999 വരെ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി റഫറൻസിനായി നൽകിയ 69 പുസ്തകങ്ങൾ കാൺമാനില്ലെന്നും സ്ക്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസിൽ നിന്നും 12,741 രൂപ വിലയുള്ള 18 പുസ്തകങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്നു മുള്ള ഓഡിറ്റ് പരാമർശം സമിതി ഗുരുതര മായി കാണുന്നു. ഇഷ്യൂ രജിസ്റ്ററിൽ വസ്തു തകൾ രേഖപ്പെടുത്തിയതിലുള്ള അപാകതമൂല |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മാണ് 69 പുസ്തകങ്ങൾ കാണാനില്ലെന്നു ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുവാനിടയായ തെന്നും മേൽപ്പറഞ്ഞ അപാകത പരിഹരിച്ചിട്ടുണ്ട് എന്നും സർവ്വകലാശാലാധികൃതർ അറിയിച്ചതിൽ നിന്നും ലൈബ്രറിയിലെ പുസ്തക ശേഖരത്തെക്കുറിച്ച് പീരിയോഡിക്കൽ ഓഡിറ്റ് നടത്താറില്ല എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ രണ്ടു വർഷത്തിലൊരിക്കൽ സർവ്വകലാശാല ലൈബ്രറിയിൽ സ്റ്റോക്ക് വെരിഫിക്കേഷനും ഓഡിറ്റും നടത്തേണ്ടതാണ് എന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 35 | മേൽപ്പറഞ്ഞ രണ്ടു ഓഡിറ്റ് പരാമർശങ്ങളിലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സർവ്വകലാശാലയുടെ നഷ്ടം നികത്തിയതു സംബന്ധിച്ച് രേഖകൾ സമർപ്പിക്കണമെന്നും ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുന്നു. |
| 7 | മഹാത്മാഗാന്ധി സർവ്വകലാശാല | 45 | അഫിലിയേഷൻ ഫീസും ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസും യഥാസമയം പിരിച്ചെടുക്കാത്തതു കാരണം യൂണിവേഴ്സിറ്റിക്ക് വളരെയധികം നഷ്ടം ഉണ്ടാക്കിയിരിക്കുകയാണെന്നു സമിതി അഭിപ്രായപ്പെട്ടു. മൂന്നു കോടി രൂപയുടെ കുടിശ്ശിക വന്നിട്ടും യൂണിവേഴ്സിറ്റി ഇതു പിരിച്ചെടുക്കുന്നതിൽ ശുഷ്കാന്തി കാണിക്കാത്തതിനാൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അഫിലിയേഷൻ ഫീസ് യഥാസമയം പിരിച്ചെടുത്ത് കൃത്യമായി യൂണിവേഴ്സിറ്റിയിൽ അടയ്ക്കുന്നതിനുള്ള സ്ഥിരം സംവിധാനമുണ്ടാക്കണമെന്നും യഥാസമയം ഫീസ് യൂണിവേഴ്സിറ്റി ഫണ്ടിൽ അടയ്ക്കുന്നതിന് വിഴ്ച വരുത്തുന്നപക്ഷം പലിശയും പിഴപ്പലിശയും അതാതു കോളേജുകളിൽ നിന്നു തന്നെ ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | മഹാത്മാഗാന്ധി സർവ്വകലാശാല | 48 | ഹൈക്കോടതി വിധി അനുസരിച്ച് തടസ്സം തീർപ്പാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 9 | ,, | 53 | ഉദ്യോഗസ്ഥരിൽ നിന്ന് ടാക്സ് പിരിച്ചശേഷം ആദായ നികുതി അടയ്ക്കാതെ കാലവിളംബം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. യൂണിവേഴ്സിറ്റി എന്നു പറയുന്നത് ഇൻകം ടാക്സ് പേയി അല്ലെന്നും ഓരോ വ്യക്തിയുമാണ് ഇൻകം ടാക്സ് അടയ്ക്കേണ്ടതെന്നും യൂണിവേഴ്സിറ്റി ഫണ്ടു പയോഗിച്ച് ഇൻകം ടാക്സ് പെനാൽറ്റി അടയ്ക്കുന്നത് ശരിയായ നടപടിയല്ലായെന്നും പ്രസ്തുത തുക അടയ്ക്കാത്തതിന് ഉത്തര വാദി അന്നത്തെ ധനകാര്യ വിഭാഗത്തിന്റെ ചാർജ്ജു വഹിച്ചിരുന്ന ബന്ധപ്പെട്ട ഉദ്യോഗ സ്ഥനാണെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രോവിഡന്റ് ഫണ്ട് പിടിക്കുന്നത് കൃത്യ സമയത്ത് അടച്ചില്ലെങ്കിൽ പ്രോവിഡന്റ് ഫണ്ട് ആക്ട് അനുസരിച്ച് മിസ് അപ്രോപ്രിയേഷന് കേസ് എടുക്കുന്നതുപോലെ ഇൻകം ടാക്സും കൃത്യസമയത്ത് അടച്ചില്ലെങ്കിൽ നടപടി സ്വീകരിക്കാമെന്നും സമിതി ചൂണ്ടിക്കാട്ടി. കൃത്യ നിർവ്വഹണത്തിൽ ഉദ്യോഗസ്ഥർ വരുത്തിയിരിക്കുന്ന വീഴ്ചയ്ക്കും കാലതാമസ ത്തിനും യൂണിവേഴ്സിറ്റിക്ക് നേരിട്ട് ബാദ്ധ്യതയില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥ നാണ് ഉത്തരവാദി എന്നതിനാൽ, നിയമ പ്രകാരം അന്നത്തെ ഫൈനാൻസ് ഓഫീസർ ക്കാണ് ഇതിന്റെ ബാദ്ധ്യതയെന്നും ഈ ഇന ത്തിൽ യൂണിവേഴ്സിറ്റിക്ക് ഉണ്ടായതായ 81,963 രൂപയുടെ നഷ്ടം അന്നത്തെ ഫൈനാൻസ് ഓഫീസറിൽ നിന്നുതന്നെ ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 10 | ,, | 55 | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | മഹാത്മാഗാന്ധി സർവ്വകലാശാല | 63 | ആയതിനാൽ യൂണിവേഴ്സിറ്റിയിൽ നിന്ന് പെൻഷൻ പറ്റുന്ന എല്ലാ ജീവനക്കാരുടെയും സർവ്വീസ് ബുക്കുകൾ, പെൻഷൻ ഫയലുകൾ എന്നിവ നിർബന്ധമായും പ്രീ ഓഡിറ്റിന് വിധേയമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 64 | സർക്കാർ സർവ്വീസിലെ ഗസറ്റഡ് ജീവനക്കാരുടെ Entitlement Register അക്കൗണ്ടന്റ് ജനറൽ സൂക്ഷിക്കുന്നപോലെ യൂണിവേഴ്സിറ്റിയിലെ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും Entitlement Register സൂക്ഷിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. സമിതിയുടെ നിർദ്ദേശ പ്രകാരം കഴിഞ്ഞ രണ്ടു വർഷത്തിനകം പെൻഷനായവരുടെ പെൻഷൻ ഫയലുകൾ, സർവ്വീസ് ബുക്കുകൾ എന്നിവ ഓഡിറ്റ് നടത്തിയതിൽ കണ്ടുപിടിക്കപ്പെട്ട അപാകതകൾ എത്രയും വേഗം പരിഹരിച്ച് ഈടാക്കേണ്ട തുകകൾ ഈടാക്കി ആയതിന്റെ വിശദവിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |